# മുത്തശ്ശിക്കഥകൾ

കോന്നിയൂർ

ബാലസാഹിത്യ സഹകരണ സംഘം ക്ലിപ്തം. കോട്ടയം

ബ

# മുത്തശ്ശിക്കഥകൾ

സമ്പാദകൻ:

കോന്നിയൂർ ആർ. നരേന്ദ്രനാഥ്,

ബി. എസ്സ്. സി., ബി. എൽ.

( പകർപ്പവകാശം പ്രസാധകർക്ക് )

പ്രസാധകർ:

ബാലസാഹിത്യ സഹകരണസംഘം ക്ലിപ്തം,

കോട്ടയം, കേരളം.

വില 75 ന. പ,

MUTHASSIKKADHAKLAL
(Folk Tales)

*Compiled by*

KONNIYOOR R. NARENDRA NATH,
All India Radio, Madras - 4.

First Published May. 1961.
Printed at the B. B. Press, N. Parur.
Copyright and rights of reproduction
belong to the publishers.

Price 75 nP.

*Publishers:*

**Balasahithya Sahakarana Sanghom Ltd.,**
KOTTAYAM — KERALA

## കോന്നിയൂർ ആർ. നരേന്ദ്രനാഥിൻെറ

## കൃതികൾ:

| | | |
|---|---|---|
| നമ്മുടെ ഭരണഘടന | .... | (പഠനം) |
| അണു - കുടുംബത്തിൽ | .... | (ജീവചരിത്രം) |
| കടപ്പാടുകൾ | .... | (നോവൽ) |
| ആത്മമിത്രം | .... | (കഥകൾ) |
| ചക്രവാളത്തിനപ്പുറം | .... | (ഭാവനാപരമായ ശാസ്ത്രകഥകൾ) |
| വിവാഹത്തിനുശേഷം | .... | (നാടകം) |
| മനുഷ്യരാശിക്കുവേണ്ടി | .... | ( ,, ) |
| തെററിദ്ധാരണ നീങ്ങുന്നു | .... | ( ,, ) |
| മുത്തശ്ശിക്കഥകൾ | .... | (നാടോടിക്കഥകൾ) |
| പ്രപഞ്ചപഠനം | .... | (ശാസ്ത്രം) |

# മുഖവുര

കുട്ടിയായിരുന്ന കാലത്തു് കേൾക്കാനിടവന്നിട്ടുള്ള രസകരങ്ങളായ ചില കഥകൾ ഇപ്പോഴും എന്റെ മനസ്സിൽനിന്നു മാഞ്ഞുപോയിട്ടില്ല. പലപ്പോഴും വിചാരിച്ചിട്ടുള്ളതാണു് അവ സമാഹരിച്ചു് പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തണമെന്നു്. ഇതുവരെ അതിനു സാധിച്ചില്ല. ഇപ്പോൾ ഇതാ അത്തരം കഥകളിൽ ചിലതു് ഇങ്ങനെ ഒരു പുസ്തകമായി അവതരിപ്പിക്കുന്നു. നാടോടിക്കഥകളായതിനാൽ ഞാൻ കേട്ടിട്ടുള്ള രീതിയിലോ അല്ലെങ്കിൽ അല്പം ചില വ്യത്യാസങ്ങളോടുകൂടിയോ നിങ്ങളും ഈ നറുങ്ങുകഥകളിൽ ചിലതെങ്കിലും കേട്ടിരിക്കാനിടയുണ്ടു്. പ്രാദേശികമായ വ്യത്യാസങ്ങളൊന്നുംതന്നെ ഇത്തരം കഥകളുടെ അന്തഃസത്തയ്ക്കു് കോട്ടമൊന്നും വരുത്താറില്ല. കുഞ്ഞുങ്ങളോടു കഥകൾ പറയുന്ന മുത്തശ്ശിമാർ കുറഞ്ഞുവരുന്ന ഇക്കാലത്തു് ഈ വിധത്തിൽമാത്രമേ ഇങ്ങിനെയുള്ള കഥകൾ നഷ്ടമാകാതെ സൂക്ഷിക്കാനൊക്കൂ എന്നാണു് എനിക്കു തോന്നുന്നതു്.

മദിരാശി,
30—12—1960.

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | ബുദ്ധിപൂർവ്വമല്ലാത്ത ദയ ആപത്താണ് | .... 1 |
| 2. | ഉപയോഗമുണ്ടെങ്കിൽ ഉണ്ണാൻ കിട്ടും | .... 8 |
| 3. | മര്യാദ പഠിച്ചു പോയി | .... 13 |
| 4. | മാരാരുടെ വേട്ട | .... 19 |
| 5. | ബുദ്ധിയുണ്ടെങ്കിൽ പിഴയ്ക്കാം | .... 23 |
| 6. | നെല്ലിക്കയും, ഉള്ളിയും | .... 28 |
| 7. | ലുബ്ധൻ | .... 30 |
| 8. | മടിയന്റെ പെൺപിറന്നോർ | .... 32 |
| 9. | മാനത്തുനിന്ന് ആന വീണപ്പോൾ | .... 36 |
| 10. | കാശിക്ക് പോയവർ | .... 39 |
| 11. | തുപ്പും അടിയും | .... 45 |
| 12. | ആനക്കാരി | .... 49 |
| 13. | ലോകത്തിലേയ്ക്ക് ഏററവും വലിയവൻ | .... 53 |
| 14. | ധീരന്മാരെയാണ് വേണ്ടത് | .... 57 |

# മുത്തശ്ശിക്കഥകൾ

## 1. ബുദ്ധിപൂർവ്വമല്ലാത്ത ദയ ആപത്താണ്

ദയാലൻ, ദയാലൻ എന്നൊരു സന്യാസി പണ്ട് പമ്പാനദിയുടെ തീരത്ത് ആശ്രമം കെട്ടി ജീവിച്ചിരുന്നു. പ്രാണികളെ കൊല്ലാത്ത ഒരു പച്ചപ്പരമാർത്ഥിയായിരുന്നു അദ്ദേഹം. ജന്തുക്കളോടൊക്കെ വലിയ സ്നേഹം. മനുഷ്യനും മൃഗവും ഒന്നാണെന്ന് വിശ്വസിക്കുക മാത്രമല്ല, അതു പോലെ പ്രവർത്തിക്കുകയും ചെയ്യുന്ന ദിവ്യൻ. പക്ഷിക ളൊക്കെ അദ്ദേഹത്തിൻെറ തലയിൽ വന്നിരിയ്ക്കും. ജഡ യിൽ കൂടുംവയ്ക്കും. എന്നാലും അവയെ ഒന്നും ചെയ്യാത്ത മഹാൻ, എല്ലാററിനെയും സഹോദരായെന്ന് വിളിക്കും.

ദയാലുന് ഒരു ദിവസം ഒരബദ്ധം പററി. അബദ്ധമെന്ന് പറഞ്ഞാൽ പോര. ഒരു പാപം ചെയ്യാൻ ഇടവന്നു. ഒരു ദിവസം പമ്പയിൽ ഇറങ്ങി കുളിക്കാൻ പോകുമ്പോൾ ഒരു കാട്ടുറുമ്പിൻെറ പുറത്ത് അറിയാതെ കാലുവയ്ക്കാൻ ഇടവന്നു. ഉറുമ്പ് ചത്തുപോയി. ദയാലൻ കുനിഞ്ഞിരുന്ന് വളരെനേരം കരഞ്ഞു. എന്തൊരു മഹാപാപം ആണ് ചെയ്തത്! കഷ്ടം! ഏത് പുണ്യതീർത്ഥത്തിൽ കുളിച്ചാൽ, ഏത് വിശുദ്ധക്ഷേത്രത്തിൽ ഭജനം ഇരുന്നാൽ ഈ മഹാപാതകത്തിന് ഒരു പ്രതിവിധിയാകും? അങ്ങിനെ അദ്ദേഹം മൂന്നു ദിവസം ഒന്നും കഴിക്കാതെ അതിനെക്കുറിച്ച് തന്നെ ആലോചിച്ച്, കാശിക്ക് പോകണമെന്ന തീരുമാനത്തിലെത്തി. ഒരു ദിവസം രാവിലെ കാശിയ്ക്ക് തിരിച്ചു. നടന്ന്, നടന്ന് ദയാലൻ ഒരു വലിയ കാട്ടിലെത്തി. ഒരു പൊയ്കയുടെ അടുത്ത് നിന്നിരുന്ന താന്നിമരത്തിന്റെ ചുവട്ടിൽ കുറച്ചുനേരം ഇരുന്ന് വിശ്രമിക്കാമെന്ന് അദ്ദേഹത്തിനു തോന്നി. ആ മരത്തിൻെറ ചുവട്ടിൽ കിടന്നിരുന്ന ഒരു പാറയിൽ അദ്ദേഹം ഇരുന്നു. അപ്പോൾ കേൾക്കാം അതിനടുത്ത് എവിടെയോ ഒരു കടുവായുടെ ദയനീയമായ കരച്ചിൽ. കടുവാ ഇങ്ങിനെ കരയുന്നതുപോലെ അലയ്ക്കാൻ എന്താണ് കാരണം? ദയാലൻ അവിടെനിന്ന് എഴുന്നേററു. അന്വേഷണമായി, കാടൊക്കെ തിരഞ്ഞുനടന്നു. ഒടുവിൽ ആ കരയുന്ന കടുവായെ കണ്ടെത്തി. അതിനെ ആരൊ ഒരു വലിയ ഇരുമ്പുകൂട്ടിൽ അടച്ചിട്ടിരിക്കുന്നു. പട്ടിണി കിടന്ന് എല്ലും തൊലിയും മാത്രം ഉണ്ട്. കണ്ണു കുഴിഞ്ഞ് അങ്ങു കിണററിൽ പോയപോലെ തോന്നും വാലിലെ പൂടയൊന്നും ഇല്ല. പട്ടിണികൊണ്ട് ഇതൊക്കെ

കൊഴിഞ്ഞു പോയതാണ്. നെഞ്ചിലെ എല്ലൊക്കെ എഴുന്നേററു നിൽക്കുകയാണ്. നമ്മുടെ ദയാലന് അതിനെ കണ്ടപ്പോൾ കരയണമെന്ന് തോന്നി. അത്രയ്ക്ക് ദയനീയമാണ് അതിനെ കണ്ടാൽ. ഏതു് മഹാപാപിയാണ് ഇതിനെ ഈ ഇരുമ്പുകൂട്ടിൽ പിടിച്ചിട്ടതു്? ദയാലൻ അവനെ ശപിക്കുമെന്ന് തോന്നി. ദയാലനെ കണ്ടപ്പോൾ കടുവാ കരഞ്ഞുകൊണ്ടു് ചോദിച്ചു: "ദയാലാ, ദയാലാ, എവിടെ പോകുന്നു?" "കടുവാക്കുട്ടാ, കടുവാക്കുട്ടാ, കാശിക്കു് പോകുന്നു," ദയാലൻ മറുപടി പറഞ്ഞു: "എന്തിനാ ചേട്ടാ, കാശീയ്ക്കു പോകുന്നെ." കടുവാ ചോദിച്ചു: "പാപം മാറി മോക്ഷം കിട്ടാൻ" ദയാലൻ പറഞ്ഞു: "എന്നെ ഒന്ന് തുറന്നു വിട്ടാൽ മോക്ഷം കിട്ടും." കടുവാ അപേക്ഷിച്ചു. അതു കേട്ടതോടുകൂടി ദയാലൻെറ ദയയ്ക്കു് അതിരില്ലാതായി. അദ്ദേഹം പറഞ്ഞു: "സഹോദരാ! നീയും ഞാനും തമ്മിൽ എന്തു ഭേദം? ഇതാ ഞാൻ തുറന്നു തരാം. നീ വെളിയിൽ പോരു" എന്നുപറഞ്ഞു് ഇരുമ്പുകൂട്ടിന്റെ വാതിൽ പതുക്കെ ഉയർത്തി പിടിച്ചു. കടുവാ ഒരൊററ ചാട്ടം പുറത്തേയ്ക്കു്. പുറത്തായപ്പോൾ കടുവായ്ക്കുള്ള സന്തോഷം! അതു് അവിടെയൊക്കെ കിടന്ന് കൂത്താടി. ദയാലൻ അതു നോക്കിക്കൊണ്ടു രോമാഞ്ചമണിഞ്ഞു. കാലിന്മേൽ കാലുംവച്ചു് ആ പാറമേൽ ഇരുന്നു. അപ്പോൾ അതാ ആ കടുവാ ദയാലൻെറ നേർക്കൊരു ചാട്ടം. സന്യാസിയെ കടിച്ചുകൊല്ലാനാണ് അതിൻെറ ഒരുക്കം. ദയാലൻ വല്ലാതെ ഭയപ്പെട്ടു. "എന്നെ കൊല്ലല്ലെ, കൊല്ലല്ലെ" എന്ന് ദയാലൻ ദയനീയമായി കിടന്ന് വിളിച്ചു. ഉപകാരം ചെയ്തവനെ ഉപദ്രവിക്കുന്നതുതന്നെ പാപം! പിന്നെ കൊല്ലുകയെന്നുവച്ചാൽ

കൊട്ടംപാപമല്ലേ?" എന്നൊക്കെ ദയാലൻ വാദിച്ചു. "ഇതു് നാലുപേരു് അറിഞ്ഞാൽ നാണക്കേടാണു്—കഷ്ടം! കഷ്ടം! നിനക്കു് ഇത്ര വകതിരിവില്ലേ? കടുവാക്കുട്ടാ." "ആരു കേട്ടാലും ശരി. എൻെറ വിശപ്പിനു് ഞാൻ മനുഷ്യരെ കൊല്ലുന്നതു് തെററാണെന്നു് ആരെങ്കിലും പറയട്ടെ, നാലു പേരുടെ വാക്കു കേട്ടിട്ടുതന്നെ മേൽക്കാര്യം." എന്നായി കടുവാ. അതനുസരിച്ചു് നാലുപേരുടെ അഭിപ്രായം അറിയാൻ രണ്ടുപേരുംകൂടി നടന്നു. അവരു നടന്നു നടന്നു് ഒരു ആററുവക്കിൽ എത്തി. അവിടെ ഒരു കഴുതനിന്നു് മേയുന്നു. അലക്കുകാരൻെറ ചുമടു ചുമന്നു് ആററിൽ വന്നിട്ടു് അല്പം വല്ലതും തിന്നാമെന്നു കരുതി കയറിയതാണു്. അതിനു് ആ അലക്കുകാരൻ തീററി കൊടുത്തിട്ടു ദിവസം മൂന്നായി. ചുമടിനാണെങ്കിൽ ഒരു കുറവും ഇല്ല. തല്ലു് ആണു് ക്ഷാമമില്ലാതെ കിട്ടുന്നതു്. കുറെ തളിരുപുല്ലു് ആർത്തിയോടെ തിന്നുകൊണ്ടിരിക്കുമ്പോഴാണു് കടുവായും, ദയാലനും അവിടെ എത്തിയതു്. അവർ കഴുതയോടു് അവരുടെ തർക്കം പറഞ്ഞു. കഴുതയുണ്ടോ മനുഷ്യനെപ്പററി നല്ലതു പറയുന്നു! മനുഷ്യനെ തൊണ്ട തൊടാതെ വിഴുങ്ങണമെന്നു് കഴുത അഭിപ്രായപ്പെട്ടു. ദയാലനും, കടുവായും വീണ്ടും നടന്നു. നടന്നു്, നടന്നു് അവർ ഒരു പാടത്തിലെത്തി. എല്ലും, തോലും മാത്രമുള്ള ഒരു കാള അവിടെനിന്നു് മേയുന്നു. കണ്ടാൽ സങ്കടം തോന്നും. വയസ്സു് കുറേയായി. കണ്ണു കാണാൻ മേല. പല്ലാണെങ്കിൽ ഒന്നുമില്ല. കടുവായും, ദയാലനുംകൂടി അവരുടെ തർക്കം കാളയോടു പറഞ്ഞു. കാളയ്ക്കു് മനുഷ്യനോടു തോന്നിയിരുന്ന വൈരാഗ്യം തീക്കാൻ കിട്ടിയ അവസരം നഷ്ടപ്പെടുത്തരുതെന്നു തോന്നി.

അതു പറഞ്ഞു: "ഇത്രയും നന്ദികെട്ട ഒരു വർഗ്ഗം ഈ മനു ഷ്യനെപ്പോലെ ഇല്ല. വയസ്സാകുന്നതുവരെ വണ്ടിയിൽ കെട്ടി ജോലി ചെയ്യിച്ചിട്ട് വയ്യാതായപ്പോൾ എന്നെ തല്ലി യിറക്കി. ഈ വർഗ്ഗത്തിനെ മുക്കാലിയിൽകെട്ടി അടിച്ചിട്ട് തൊലിയുരിച്ച് വെയിലത്തു നിറുത്തണം. കടുവാചേട്ടാ! ഇവനെ തിന്നുന്നത് തീരെ ദയവായിപ്പോയി." ഇതുകേട്ട് കടുവാ വളരെ സന്തോഷിച്ചു. ദയാലന് വളരെ സങ്കടവും തോന്നി. രണ്ടു പേരല്ലേ ആയുള്ളു. ഏതായാലും രണ്ടു പേ രോടുകൂടി ചോദിക്കാം എന്നു കരുതി അവർ വീണ്ടും നടന്നു. കുറെ അങ്ങോട്ടു നടന്നപ്പോൾ ഒരു അത്തിമരത്തിൽ ഒരു മൂത്ത കുരങ്ങ് ഇരിക്കുന്നു. അവർ അതിനെ വിളിച്ച് താഴെ ഇറക്കി തർക്കം പറഞ്ഞു. മൂത്ത കുരങ്ങും വിട്ടില്ല. അവൻ പറഞ്ഞു: "ഞങ്ങളും, മനുഷ്യനും പണ്ട് ഒരു തറ വാട്ടുകാരായിരുന്നു. ഇപ്പോൾ ഞങ്ങൾ കാട്ടിലും, അവർ നാട്ടിലും ആയി. അവരെ വെച്ചേക്കരുത്. ഒന്നിനൊന്നി ല്ലാത്ത കൂട്ടരു്. മാന്തി കുത്തിക്കീറി തിന്നണം കടുവാ കാ രണോരെ." ഇത്രയും ആയപ്പോൾ കടുവാ നാക്കുനീട്ടി ചിറി യൊക്കെ നക്കിത്തുടച്ചു കഴിഞ്ഞു. വരട്ടെ, അവസാനം ഒരാ ളോടുകൂടി ചോദിച്ചുകളയാം. അങ്ങിനെ വിചാരിച്ചുകൊണ്ടു നിൽക്കുമ്പോൾ അതാ വരുന്നു ഒരാൾ. ഓ! നമ്മുടെ കുറു ക്കനെല്ലേ? മുഖത്ത് ചോരമയമില്ലാതെ നിൽക്കുന്ന ദയാല നേയും, ചിറിനക്കി നുണയുന്ന കടുവായേയും കണ്ടപ്പോൾ കുറുക്കന് ഒരു ചെറിയ സംശയം തോന്നി. നമ്മുടെ ദയാ ലൻ വിറച്ചുകൊണ്ടു് കുറുക്കനോട്ട് കാര്യമൊക്കെ വിശദ മായി പറഞ്ഞു. "വരട്ടെ, മനസ്സിലായില്ല; ആരു് ആർക്ക് എപ്പോൾ, എന്തു് ഉപകാരം ചെയ്തു. എനിക്കു് മനസ്സി

ലായില്ല. അതു്, അതു് മനസ്സിലായില്ല." ദയാലൻ പറഞ്ഞു: "ഞാൻ ഈ നിൽക്കുന്ന കടുവായെ ഒരു ഇരുമ്പുകൂട്ടിൽനിന്നു പുറത്തിറക്കി രക്ഷപ്പെടുത്തി. പുറത്തുവന്നു് അവൻ എന്നെ തിന്നുമെന്നു പറഞ്ഞു് നിൽക്കുകയാണു്. അതു് ന്യായമാണോ? ഉപകാരം ചെയ്യവനെ കൊല്ലാമോ?" ഇതുകേട്ടു് കുറുക്കൻ പറഞ്ഞു: "നില്ക്കൂ, കാര്യം വ്യക്തമായില്ല. ആരു്, ആരെ, എന്തിനു്; എപ്പോഗം തിന്നാൻ വരുന്നു—കാര്യം തലയിൽ കേറാൻ എനിക്കു് കുറെ സമയം വേണം." "ഞാൻ ഈ നില്ക്കുന്ന കടുവായെ തുറന്നു വിട്ടു." സന്ന്യാസി വീണ്ടും പറഞ്ഞു: "വരട്ടെ, എപ്പോഗം, എവിടെവച്ചു്; എങ്ങിനെ?" കുറുക്കൻ ഒന്നും അറിഞ്ഞില്ലെന്ന മട്ടിൽ പറഞ്ഞു: "അതാ അവിടെ വച്ചു്. ആ കിടക്കുന്ന ഇരുമ്പുകൂട്ടിൽനിന്നു്." "ഛെ, ഛെ, അതിൽ ഈ കടുവാ കിടക്കുകയായിരുന്നോ?, കളി പറയാതെ." "കളിയല്ല. അതിൽ കിടക്കുകയായിരുന്നു ഈ കടുവാ." "പക്ഷേ, എന്തിനു തുറന്നു വിട്ടു? എങ്ങിനെ കിടക്കുകയായിരുന്നു? നിന്റെ തലയ്ക്കകത്തു് കളിമണ്ണു്." "വാ ഞാൻ കാണിച്ചുതരാം." കടുവായ്ക്കു് കോപം വന്നു. അവൻ ആ ഇരുമ്പുകൂടിന്റെ അടുത്തു ചെന്നു. കടുവാ പറഞ്ഞു. "ഞാൻ ഈ കൂട്ടിൽ ആയിരുന്നു. എനിക്കിപ്പോഗം ഈ മനുഷ്യനെ തിന്നണം." "അതു് വേണ്ടതു തന്നെ. പക്ഷേ, ഈ കൂട്ടിനകത്തു് ആരു് കിടന്നെന്നാ പറയുന്നതു്?" "ഞാൻ കിടന്നെന്നു്." കടുവാ അലറിക്കൊണ്ടു പറഞ്ഞു. "എങ്ങിനെ? കുറുക്കൻ മറയനെപ്പോലെ ചോദിച്ചു. "ദേ, ഇങ്ങിനെ" എന്നു പറഞ്ഞു് കടുവാ ഇരുമ്പുകൂട്ടിലേയ്ക്കൊരു ചാട്ടം. കടുവാ അകത്തു കയറിയതും, കുറുക്കൻ കൂടിന്റെ വാതിൽ അടച്ചതും ഒന്നിച്ചു

കഴിഞ്ഞു. "എന്നാൽ കട്ടവാച്ചേട്ടൻ അവിടെ കിടന്നോ ണ്ടാട്ടെ. ഞങ്ങൾ പോകുന്നു കേട്ടോ." എന്ന് പുച്ഛരസ ത്തിൽ തട്ടിവിട്ടിട്ട് ദയാലനോട്ട പറഞ്ഞു: "ഇനി കാശി യ്ക്കോ, വേറെ എവിടെ വേണമെങ്കിലോ പൊയ്ക്കോളൂ. ദയ യെന്നും പറഞ്ഞ് മണ്ടത്തരം കാണിയ്ക്കരുത് കേട്ടോ." ദയാലൻ കാശിക്കും, കുറുക്കൻ അതിന്റെ പാട്ടിനും പോയി.

## 2. ഉപയോഗമുണ്ടെങ്കിൽ ഉണ്ണാൻ കിട്ടും

മാലങ്കര, മാലങ്കര എന്നൊരു ഗ്രാമമുണ്ടായിരുന്നു. വനത്തിന്റെ വക്കിലുള്ള ഒരു ഗ്രാമം. ആ ഗ്രാമത്തിൽ രാമച്ചാർ എന്നൊരു കൃഷിക്കാരനുണ്ടായിരുന്നു. അയാൾ കണ്ടൻ എന്നൊരു നായയെ വളർത്തിയിരുന്നു. കണ്ടനെ വളരെ ചെറുപ്പത്തിൽ രാമച്ചാർക്കു കിട്ടിയതാണ്. ഒരിക്കൽ സന്ധ്യാസമയത്ത് രാമച്ചാരു് തോട്ടിലിറങ്ങി കുളിച്ചിട്ട് വീട്ടിലേക്ക് തിരിച്ചുവരികയായിരുന്നു. നേരം ഇരുട്ടി തുടങ്ങിയതേയുള്ളു. അയാൾ ഇങ്ങിനെ നടന്ന് വരുമ്പോൾ ചീനിവിളയിൽ എന്തൊ ഒരു ശബ്ദം കേട്ടു. ഏതാണ്ട് ഓടിക്കുന്ന ശബ്ദം. വനം അടുത്തല്ലെ, വല്ല കാട്ടാനയൊ, മറ്റൊ വിളയിൽ കയറിയതായിരിക്കുമെന്ന് കരുതി രാമച്ചാരു് അവിടെനിന്നു അനങ്ങാതെ ശ്രദ്ധിച്ചുകൊണ്ടുനിന്നു. പക്ഷേ

പിന്നെ ഒന്നും കേട്ടില്ല. അപ്പോഴം അതാ എന്തൊ ഒന്ന് കാലിൽ തടയുന്നു. ങ്—രാമച്ചാര് ഞെട്ടി കാലുയർത്തി. എന്തായാലും ആനയല്ല. ഏതാണ്ട് അയാളുടെ കാൽച്ചുവട്ടിൽ അനങ്ങുന്നു — രാമച്ചാർ കുനിഞ്ഞുനോക്കി — ഒരു കൊച്ചുനായ്ക്കുട്ടി. അത് അയാളുടെ കാലിൽ നക്കുന്നു. അയാൾക്ക് എന്തൊ വലിയ അനുകമ്പ തോന്നി. പാവം! പട്ടിണി കിടന്ന് എല്ലരിച്ച നായ്ക്കുട്ടി. അയാൾ അതിനെ കൈയിലെടുത്തുകൊണ്ടു നടന്നു. അങ്ങിനെയാണ് രാമച്ചാർക്ക് കണ്ടൻനായയെ കിട്ടിയത്.

അയാൾ അതിനെ ഉച്ചയ്ക്ക് തോട്ടിൽ കൊണ്ടുപോയി കുളിപ്പിക്കും. ആട്ടിൻപാല് കൊടുക്കും. ജോലിക്ക് പോകുമ്പോൾ കൂടെ കൊണ്ടുപോകും. അങ്ങിനെ കണ്ടൻനായ് മിടുമിടുക്കനായി. ആരു കണ്ടാലും നോക്കി നിൽക്കത്തക്ക സൗന്ദര്യം അവനുണ്ടായി. വീട്ടുകാവലിന് മററാരുടേയും ആവശ്യമില്ല. യജമാനനെന്നുവച്ചാൽ അവന് പിന്നൊന്നുമില്ല. ഒരു ദിവസം ഒരു വയസ്സൻനായ് വിശന്ന്, വിശന്ന് നിലയില്ലാതെ രാമച്ചാരുടെ അടുക്കളെവശത്ത് കടന്നുകൂടി എച്ചിലില ഇടുന്നിടത്ത് എല്ലാം അത് ചോറു തേടി നടന്നു. അപ്പോഴാണ് നമ്മുടെ കണ്ടൻനായ് അതു കണ്ടത്. കാണാത്ത താമസം! അവൻ അതിൻെറ പിടലിക്കൊരു കേററം. വയസ്സൻ കിടന്ന് മോങ്ങി. പക്ഷേ, അതുകൊണ്ടൊന്നും ഒരു ഫലവുമുണ്ടായില്ല. കണ്ടൻ അവനെ ഓടിച്ചു തോട്ടിൽ ചാടിച്ചപ്പോൾ ആ വയസ്സൻനായ് പറഞ്ഞു: "ഞാനും നിന്നെപ്പോലെ ചെറുപ്പത്തിൽ യജമാനനെ സേവിച്ചതാ." വയസ്സായപ്പോൾ അവർ എന്നെ

അടിച്ചു പുറത്താക്കി. നിൻെറ അനുഭവവും ഇതുതന്നെ. സ്വന്തം ജാതിയോട്ട് ഇങ്ങിനെ വൈരാഗ്യം കാണിക്കരുതു് കൊച്ചനെ — എനിയ്ക്കിപ്പോഴാ അതു് അറിയാനിട വന്നതു്. ഈ വയസ്സുകാലത്തു്." ഇതു കേട്ടപ്പോൾ നമ്മുടെ ചെറുപ്പക്കാരൻ കണ്ടൻ ഉറക്കെ ചിരിച്ചുകൊണ്ടു പറഞ്ഞു: "ഞാൻ എൻെറ കാര്യം നോക്കിക്കോളാം. മൂപ്പിലേ—ഇപ്പോൾ പോണം."

കാലം കുറെ കഴിഞ്ഞു. കണ്ടൻനായ്ക്കും വയസ്സായി. കണ്ണിന് കാഴ്ച കുറഞ്ഞു. ചെവിയ്ക്ക് മുൻപിലത്തെപ്പോലെയുള്ള കേൾവിയില്ല. ഓടാൻ വയ്യ. ചുണയും കെട്ടു. പല്ലുകൾ കൊഴിഞ്ഞു തുടങ്ങി. ഉള്ള പല്ലുകൾ ഒരുവക ആട്ടം പഠിക്കുന്ന നിലയിലാണ്. രാമച്ചാരുടെ മുററത്തു പോലും മററു നായ്ക്കളും ഊളനും വന്ന് കശയുണ്ടാക്കും. അവരൊന്നും കണ്ടനെ കണ്ടാൽ കണ്ട മട്ടുതന്നെയില്ല. കണ്ടനാകട്ടെ, കണ്ടമാനം കോപവും. പക്ഷേ, എന്തു ഫലം? അവൻെറ കോപം കാണുമ്പോൾ, അവർക്കൊക്കെ ചിരിയാണ്. വീട്ടു സൂക്ഷിക്കാൻ കഴിയാതായപ്പോൾ രാമച്ചാരു് കണ്ടനെ തല്ലി പുറത്താക്കി. അവൻ ഇപ്പോൾ വഴിയിലാണ്. കാണുന്ന ചെറുപ്പക്കാരായ നായ്ക്കളൊക്കെ അവനെ ഉപദ്രവിക്കും. അവനതൊക്കെ സഹിക്കും. അല്ലാതെ അതു് എന്തു ചെയ്യാനാണ്! ആഹാരം കഴിച്ചിട്ട് ഇന്ന് ദിവസം നാലായി. വിശന്നു, വിശന്ന് വയ്യ. എവിടെയെങ്കിലും, എന്തെങ്കിലും കഴിക്കാൻ കിട്ടിയിരുന്നെങ്കിൽ! കണ്ടൻ അങ്ങിനെ പരതി പിടിച്ച് നടക്കുകയാണ് വല്ലതും കണ്ടെത്താൻ. നടന്നു, നടന്ന് കണ്ടൻ കാട്ടിൻെറ ഉള്ളി

ലായി. അപ്പോഴം അവിടെ ഒരു പുന്നമരത്തിൻെറ ചുവട്ടിൽ ഒരാളിരുന്ന് എന്തൊ തിന്നുന്നു. കണ്ണ് നല്ലതുപോലെ കാണുന്നില്ല. അതുകൊണ്ട് കണ്ടൻ അങ്ങോട്ടു സൂക്ഷിച്ചു നോക്കി. "അല്ലാ, അതു് നമ്മുടെ കുറുക്കച്ചാരല്ലേ?" കണ്ടൻെറ നോട്ടം കണ്ടപ്പോഴെ കുറുക്കച്ചാർക്ക് ചിരിവന്നു. അവൻ ചിരിച്ചുകൊണ്ടു ചോദിച്ചു: "എന്താ കെളവാ! നോക്കുന്നൊ?" കണ്ടൻ പറഞ്ഞു: "വെശന്നു, വെശന്നു് വയററിലെ തീ കെടാറായി. എന്തെങ്കിലും തിന്നാൻ"....
"ഓഹോ, എന്നാൽ ഇതാ ഈ കോഴിയുടെ കാലു് തിന്നോള്ളൂ." എന്നു പറഞ്ഞു് കുറുക്കച്ചാരു് രണ്ടു കോഴിക്കാലുകഠം നീക്കിയിട്ടു കൊടുത്തു. കണ്ടൻ ഇരുന്ന ഇരുപ്പിൽ അതു് രണ്ടും തിന്നിട്ടു് ചിറി നക്കിക്കൊണ്ട് ഇരിപ്പായി. കുറുക്കച്ചാരു് തീററികഴിഞ്ഞു് തിരിഞ്ഞിരുന്നു. കണ്ടൻ തൻെറ കഥയൊക്കെ കുറുക്കച്ചാരോട്ട് പറഞ്ഞു. നന്ദിയില്ലാത്ത യജമാനനെപ്പററി പറഞ്ഞപ്പോഠം കണ്ടൻെറ കാഴ്ച കുറഞ്ഞ കണ്ണുകഠം നിറഞ്ഞുപോയി. വയസ്സുകാലത്താണു് മററുള്ളവരുടെ സഹായം ഏററവും അധികം വേണ്ടതു്. പക്ഷെ, അന്നാണു് എല്ലാവരും വെറുക്കുന്നതു്. കണ്ടനു് ചുരുണ്ടു കിടക്കാൻ ആ ചാരക്കുഴി. ഒന്നനുവദിച്ചാൽ മതിയായിരുന്നു. അതിനെന്താവഴി? കുറുക്കച്ചാരോട്ടു് ഒരു യുക്തി പറയാൻ കണ്ടൻ കരഞ്ഞുകൊണ്ട് പറഞ്ഞു. "കണ്ടാ! ഒരു കാര്യം ചെയ്യു. നീ പോയി രാമച്ചാരുടെ കൂടെ താമസിക്ക്. രാമച്ചാർക്ക് പ്രാതൽ കൊണ്ടുപോകുമ്പോഠം അയാളുടെ കൊച്ചുകുഞ്ഞിനെ അയാളുടെ ഭാര്യ വീട്ടിൽ കിടത്തിയിട്ടല്ലെ പോകുന്നതു്? അപ്പോഠം ഞാൻ ഒരു കാര്യം ചെയ്യാം. രാമച്ചാരുടെ ഭാര്യ പ്രാതൽ കൊടുത്തിട്ടു തിരി

ച്ചുവരുന്ന സമയം ഞാൻ അവിടെ വരാം. വന്ന് അവരുടെ കൊച്ചുകുഞ്ഞിനെ എടുത്തുകൊണ്ട് ഒരു ഒരൊററ ഓട്ടം. അപ്പോൾ കണ്ടൻ കിടന്ന് കരയ്ക്കണം. എന്നെ വന്ന് കടിക്കുന്നതുപോലെയൊക്കെ കാണിയ്ക്കണം. കുഞ്ഞിനെ ഞാൻ അവിടെ ഇട്ടിട്ട് ഓടിയേക്കാം. കണ്ടൻെറ കാവലുകൊണ്ടാണ് ആ കുട്ടി രക്ഷപ്പെട്ടതെന്ന് മടങ്ങിവരുന്ന ഭാര്യയ്ക്ക് മനസ്സിലാകും. അപ്പോൾ അതിൻെറ നന്ദിയായി കണ്ടനെ അവരുടെ കൂടെ താമസിപ്പിയ്ക്കും." ഈ വിദ്യ നന്നായിരിക്കുമെന്ന് കണ്ടനും തോന്നി. അതുപോലെ ചെയ്യാമെന്നു സമ്മതിച്ച് ഒരു ദിവസവും തീരുമാനിച്ചശേഷം അവർ പിരിഞ്ഞു.

നേരത്തെ തീരുമാനിച്ചിരുന്നതുപോലെ ഭാര്യ മടങ്ങി വന്ന സമയം പറഞ്ഞതുപോലെയെല്ലാം കണ്ടനും, കുറുക്കച്ചാരുംകൂടി ചെയ്തു. കുറുക്കൻെറ കൈയിൽനിന്ന് ആപത്തൊന്നും കൂടാതെ കുട്ടിയെ രക്ഷിച്ചതു കണ്ടപ്പോൾ രാമച്ചാരുടെ ഭാര്യക്ക് വലിയ സന്തോഷമായി. അന്നു മുതൽ കണ്ടൻ വീണ്ടും അവിടെ സുഖമായിട്ടു ജീവിച്ചു.

## 3. മര്യാദ പഠിച്ചുപോയി!

തേവലക്കര എന്ന നാട്ടിൽ പൂവാലൻ പരമേശ്വരൻ എന്ന് ഒരു ആളുണ്ടായിരുന്നു. ആളു് കണ്ടാൽ അതിസരസൻ. ചുമന്ന് വെളുത്ത മുഖം. ചുരുണ്ട തലമുടി. നല്ല പൊക്കം. ആളിന്റെ കൺമതിപ്പുകണ്ടു് പൂവാലൻ പരമേശ്വരനെന്നാണു് എല്ലാവരും അയാളെ വിളിക്കുന്നതു്. പൂവാലനു് ഒരു മകളുണ്ടു്. കണ്മണി എന്നാണു് പേരു്. ഒരു കൊച്ചു് അരിപ്രാവു പോലെയുള്ള ഒരു പെൺകുട്ടി. ആരും അവളുടെ അഴകു് കണ്ടാൽ നോക്കി നിന്നുപോകും. കഷ്ടമെന്നല്ലേ പറയേണ്ടു. കണ്മണിക്കു് ഒന്നര വയസ്സായപ്പോൾ തള്ള മരിച്ചുപോയി. അവരുടെ പേരു് ചിന്മയി എന്നായിരുന്നു. എന്തു് നല്ല സ്ത്രീയായിരുന്നു! അവർ മരിച്ച ദിവസം പൂവാലൻ പരമേശ്വരൻ എന്തു് കരഞ്ഞെന്നോ?

കണ്മണിയെ ഇനി ആരു വളർത്തും? പ്രായമാകുന്നതുവരെ എത്ര സൂക്ഷിച്ചാലൊക്കും ഒരു കുഞ്ഞിനെ വളർത്തിയെടുക്കാൻ? അങ്ങിനെ ദുഃഖിച്ചിരിക്കുന്ന കാലത്തു് പൂവാലൻ ഒരു വാർത്ത അറിഞ്ഞു. എന്താണെന്നോ? മരിച്ചുപോയ കുമത്തൂപുരയ്ക്കലെ കരുണേശൻ കാരണവരുടെ വിധവ വീണ്ടും വിവാഹം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്നു്. പരമേശ്വരൻ വിചാരിച്ചു, അതൊന്നു് ആലോചിച്ചാലെന്തെന്നു്? ഒന്നുമില്ലെങ്കിൽ കണ്മണിയെ വളർത്താൻ ഒരാളാകുമല്ലോ? ശരി—ആലോചിച്ചു നിശ്ചയിച്ചു. അടിയന്തിരവും നടത്തി. പുതിയ ഭാര്യയ്ക്കു് ഒരു കൊച്ചുമകളുമുണ്ടു്. നേരത്തേയുള്ള ഭർത്താവിൻെറ. കണ്മണിയുടെ പ്രായമാണു്. അതിരിക്കട്ടെ, അവരുടെ പേരു് അറിയേണ്ടേ. തിന്മയി എന്നാണു്. തിന്മയിയുടെ മകളുടെ പേരു് ദുർമ്മുഖി എന്നും.

വിവാഹം കഴിഞ്ഞു് തിന്മയി പരമേശ്വരൻെറ വീട്ടിൽ താമസമാക്കി. ആദ്യം, ആദ്യം കണ്മണിയോടു് അവൾക്കു വിരോധമൊന്നുമില്ലായിരുന്നു. എന്നാൽ, വലിയ സ്നേഹവുമില്ല. തിന്നാനും, കുടിക്കാനും ആവശ്യത്തിനു് കൊടുക്കുകയും ചെയ്യും. അങ്ങിനെ കഴിഞ്ഞു വരവെ, പൂവാലൻ പരമേശ്വരൻ പെട്ടെന്നങ്ങു മരിച്ചു. ആരും വിചാരിച്ചതല്ല. നാട്ടുകാരൊക്കെ പറഞ്ഞു. തിന്മയിക്കു് ഭർത്താവു വാഴുകയില്ലഎന്നു്. ആരു് ഭർത്താവായാലും അവൻ ചാകും. അതെങ്ങിനെയായാലും പൂവാലൻ പരമേശ്വരൻ മരിച്ചു. കണ്മണി കണ്ണുനീർ വാർത്തു. പക്ഷേ, ദുർമ്മുഖിക്കു് കൂസലില്ല—തിന്മയിക്കു് സങ്കടവുമില്ല. തിന്മയി ചിന്മയിയെപ്പോലെ ആയിരുന്നില്ല. മഹാദുഷ്ടയായിരുന്നു. തരം കിട്ടുമ്പോഴെല്ലാം കണ്മണിയെ തല്ലും, ശകാരിക്കും. ഒന്നും കൊടുക്കുകയുമില്ല. ദുർമ്മു

ഖിക്കാണെങ്കിൽ, നല്ല ഒന്നാംതരം ഉടുപ്പ്, നേര്യത്, ആഭരണം എന്നിവയൊക്കെ എത്ര വേണമെങ്കിലും കൊടുക്കും. ഒരു ജോലിയും അവളെക്കൊണ്ട് ചെയ്യിക്കുകയുമില്ല. കണ്മണി വേലയെടുത്ത് തളർന്ന് കരഞ്ഞു, കരഞ്ഞു് വിശന്ന് ഉറങ്ങിപ്പോകും—പാവം!

നല്ല മഴയുള്ള ഒരു ദിവസം അർദ്ധരാത്രിക്ക് കണ്മണിയെ തിന്മയി വിളിച്ചുണർത്തി. തുമ്പിക്കൈ വണ്ണത്തിൽ മഴ പെയ്യുകയാണ്. വഴിവക്കിലുള്ള കിണററിൽനിന്ന് വേഗം ഒരു കുടം വെള്ളം കൊണ്ടുവരാൻ കണ്മണിയോടു പറഞ്ഞു. ഈ മഴയത്ത് എന്തിനാണ് വെള്ളം ഇത്ര അത്യാവശ്യമായിട്ട്. മഴ നനയുമ്പോൾ കണ്മണിക്കു പനി പിടിക്കും. പനി പിടിച്ചാൽ മരുന്നു കൊടുക്കാതിരുന്നാൽ പെണ്ണ് ചത്തോളും. പെണ്ണു ചത്താൽ ഉള്ളതു് തിന്മയിക്കും ദുർമ്മുഖിക്കും കിട്ടും. കോളുതന്നെ. ഇതിനാണ് കണ്മണിയെ വെള്ളത്തിനു പറഞ്ഞയച്ചതു്. ചിററമ്മ പറഞ്ഞാൽ കേട്ടില്ലെങ്കിൽ എന്താണു ഗതിയെന്ന് അവൾക്കറിയാം. അവൾക്കുവേണ്ടി എന്തെങ്കിലും ഒരു വാക്ക് പറയാൻ ആരുമില്ല. അതുകൊണ്ട് ഒന്നും മിണ്ടാതെ കണ്മണി കുടവുമെടുത്ത് മഴ നനഞ്ഞു് വെള്ളം കൊണ്ടുവരാൻ പോയി. കണ്മണി കിണററിൻകരെ എത്തിയപ്പോൾ മഴയൊക്കെ തീർന്നു. അവൾ കുടം നിറച്ചു വെള്ളം കോരിവച്ചു. കുടവുമെടുത്തുകൊണ്ടു വീട്ടിലേയ്ക്ക് തിരിക്കാൻ തുടങ്ങുമ്പോൾ ഒരു കിഴവി അമ്മൂമ്മ കുഞ്ഞേ! എന്നൊരു വിളി. കണ്മണി തിരിഞ്ഞു നിന്നു. കൈ രണ്ടും വാതം പിടിച്ച് നീരുള്ളതാണ്. കഴുത്തിൽ ഒരു തോൽസഞ്ചിയുണ്ട്. പല്ലില്ലാത്ത

വായ്. താടി കിടുകിടായെന്നു വിറയ്ക്കുന്നുണ്ട്. കണ്മണി യെ നോക്കി അവരു പറഞ്ഞു. കണ്മണി! കുഞ്ഞേ! ഒരു സഞ്ചി വെള്ളം കോരി താ മോളേ. പാവം അമ്മൂമ്മി കണ്മണിക്ക് കഷ്ടം തോന്നി. അവൾ കുടത്തിലുള്ള വെള്ളം പകർന്ന് സഞ്ചിയിൽ ഒഴിച്ചു. പല്ലില്ലാത്ത വായ്കൊണ്ട് അമ്മൂമ്മ ഒന്നു ചിരിച്ചിട്ട് രണ്ടു തുമ്മൽ: ഞേ! അഞ്ചാറു പവൻ താഴെ കിടക്കുന്നു. അതെടുത്ത് കണ്മണിയുടെ കൈ യിൽ കൊടുത്തിട്ട് അമ്മൂമ്മ പറഞ്ഞു. "കണ്മണീ തുമ്മുന്ന തെല്ലാം മുത്തും, രത്നവും ആകട്ടെ എന്ന്." അതു കഴിഞ്ഞു കണ്മണി വെള്ളവുംകൊണ്ട് വീട്ടിൽപോയി. മഴ നനഞ്ഞ തുകൊണ്ട് കണ്മണിക്ക് ജലദോഷമായി. രാത്രി മുഴുവൻ അവൾ തുമ്മി. നേരം വെളുത്തിട്ടും അവൾ എഴുന്നേററി ട്ടില്ല. ചിററമ്മ ദേഷ്യപ്പെട്ട് കണ്മണി കിടന്നിരുന്ന ചാവൽ പുരയിൽ ചെന്ന് കതകുതട്ടി തുറന്നപ്പോൾ കണ്ട കാഴ്ച! അവിടെയെല്ലാം മുത്തും, രത്നവും! അവൾ പകച്ചു നിന്നു പോയി. മുററത്ത് ചരൽമണൽ കിടക്കുന്നതുപോലെ അ ല്ലെ കണ്മണിയുടെ ചുററും മുത്തും, രത്നവും കിടക്കുന്നത്!— ഇതെന്തു മായ! ഇതെന്ത് അത്ഭുതം! കഥയെല്ലാം അറിഞ്ഞ പ്പോൾ ചിറേറന്ന് സ്വന്തം മകൾ ദുർമ്മുഖിയെ വെള്ളം കോരാൻ രഹസ്യമായി പറഞ്ഞയച്ചു. കിണററിൻ കര യിൽ ചെന്നപ്പോൾ അവിടെ നിൽക്കുന്നു ആ പാത്രം പിടി ച്ച് നീരുകൊണ്ട കൈയുമായി ആ പല്ലില്ലാത്ത കിളവി. പ ഴയ ആ സഞ്ചി കഴുത്തിൽ തൂക്കിയിട്ടിട്ടുണ്ട്. അമ്മൂമ്മ ദുർമ്മു ഖിയോടു പറഞ്ഞു. "എടീ! കൊച്ചേ" അതു കേട്ടപ്പോൾ ദുർമ്മുഖിയുടെ മുഖം കാണണമായിരുന്നു. അവൾ പറഞ്ഞു, "നിങ്ങളുടെ എടി ആരാ മുതുക്കി? വയസ്സായാലും മനുഷ്യരെ



തുമ്മുന്നതെല്ലാം മുത്തും രത്നവും ആകട്ടെ.

കണ്ടാൽ അറിഞ്ഞുകൂടാത്ത ശവം". "ഇപ്പോൾ എന്തു വേണം?". "കുറച്ചു വെള്ളം താ കൊച്ചേ". കിളവി വിറച്ചുകൊണ്ടു പറഞ്ഞു. "ഞാൻ തുമ്മുമ്പോൾ സ്വർണ്ണക്കട്ട വീഴട്ടെ എന്നു പറ. എന്നാൽ വെള്ളം തരാം." ഇതു കേട്ടപ്പോൾ അമ്മൂമ്മയ്ക്കു ചിരി വന്നു. "എന്തിനാ കിക്കിക്കീന്ന് ചിരിക്കുന്നെ?." "വരം തന്നാൽ വെള്ളം തരാം." ഇതു കേട്ടപ്പോൾ അമ്മൂമ്മക്ക് ദേഷ്യം വന്നു. "വെള്ളം വേണ്ട. വരം തന്നേക്കാം. നീ തുമ്മുന്നതെല്ലാം ചേരയും നീർക്കോലിയും ആകട്ടെ." അതു പറഞ്ഞിട്ട് അവർ അവരുടെ പാട്ടിന് പോയി. ദുർമ്മുഖി വീട്ടിൽ ചെന്ന് തുമ്മാനും തുടങ്ങി. ചേരയും, നീർക്കോലിയും കൊണ്ട് ഇരിക്കപ്പൊറുതിയില്ലെന്നായി. എവിടെ നോക്കിയാലും നീർക്കോലി ഇഴയുന്നതു് കാണാം. ഇതു് എത്രനേരം സഹിക്കാനൊക്കും! തിന്മയിയും ദുർമ്മുഖിയുംകൂടി കരഞ്ഞുകൊണ്ട് കണ്മണിയുടെ കാൽക്കൽ വീണു. ഇതിൽനിന്ന് എങ്ങിനെയെങ്കിലും രക്ഷിക്കണം. അതിന് കണ്മണി പറഞ്ഞു, ദൈവത്തോട് പ്രാർത്ഥിക്കാൻ. അവരെല്ലാംകൂടി ഒന്നിച്ച് ഈശ്വരപ്രാർത്ഥന തുടങ്ങി. അങ്ങിനെ നാമം ജപിച്ചുകൊണ്ടിരിക്കുമ്പോൾ പഴയ ആ കിളവി പടികയറി വന്നു. തിന്മയിയും ദുർമ്മുഖിയുംകൂടി അവരുടെ വാതംകൊണ്ട് നീരു പിടിച്ച കാലിൽ വീണ് കരച്ചിലായി. എങ്ങിനെയെങ്കിലും ഇതിൽനിന്ന് ഒന്നു രക്ഷിയ്ക്കണേ എന്ന് ദയനീയമായി നിലവിളിച്ചുകൊണ്ട് യാചിച്ചു. നമ്മുടെ കിളവി ഒന്നും പറയാതെ മടിയിൽനിന്ന് ഒരു കൊച്ചുസ്വർണ്ണ ചിമിഴ് തുറന്ന് കുറച്ചു പൊടിയെടുത്ത് മൂക്കിൽ വലിച്ചു. എന്തു് പറയാൻ! അവിടെ ഉണ്ടായിരുന്ന ചേരയും, നീർക്കോലിയും

എല്ലാം ഒന്നിച്ച മറഞ്ഞു. അമ്മൂമ്മയെ നിന്ന നിലയിൽ കണ്ടുമില്ല. ഇതിനുശേഷം തിന്മയിയും, ദുർമ്മുഖിയും മര്യാദ പഠിച്ചെന്നാണു് കേൾവി.

# 4. മാരാരുടെ വേട്ട

പണ്ടൊരിക്കൽ ചങ്കുമാരാരും, കൂട്ടരുംകൂടി വേട്ടയ്ക്ക് പോകാൻ തീരുമാനിച്ചു. മാരാര് വലിയ വേട്ടക്കാരനാണെന്ന് വീമ്പടിച്ചു പറഞ്ഞു പറഞ്ഞാണ് അതിനു തീരുമാനിച്ചത്. എന്തു പറഞ്ഞാലും മാരാര് പറയും.........
"അന്ന് ഞാൻ വേളിമലയിൽ വേട്ടയ്ക്ക് പോയപ്പോൾ...." ആളുകൾ അതു കേട്ടു, കേട്ട് മടുത്തു. എന്തിന്? മാരാരുടെ വേട്ടയൊന്ന് കാണണമെന്ന് കരുതിയാണ് കുഞ്ഞുമോനും, രാരിച്ചനായരും അതിന് തീരുമാനിച്ചത്. പോകുന്ന വഴിക്ക് മാരാര് പറഞ്ഞു—"വേട്ടയ്ക്കാണെങ്കിൽ കടുവായെ തന്നെ വേണം. അവനാണ് മിടുക്കൻ—യോഗ്യൻ." ഇങ്ങിനെ വീമ്പടിച്ചുകൊണ്ട് അവർ നടന്നു.

കാട്ടിലെത്തി. കുഞ്ഞുമോനും, രാരിച്ചനായരുംകൂടി ധാരാളം മുയലുള്ള സ്ഥലം നോക്കിപ്പോയി. അപ്പോൾ

ചങ്കുമാരാര് പറഞ്ഞു—"ഛേ, ഇതെന്തൊരു നായാട്ട്?" മാരാരും, കൂട്ടരും ജന്തുക്കളെ തേടി കാടിൻെറ ഉള്ളിലായി. ചുററും വലിയ കാട്ട്. ഒന്നും കാണാൻ മേല. സമയം നട്ടുച്ചയാണെങ്കിലും നല്ല സന്ധ്യ പോലെയാണ് അവിടെ. ആകാശം മുട്ടുന്ന മരങ്ങൾ നല്ല തൂൺത്തടിപോലെ നിൽക്കുന്നു. വള്ളികൾ വളഞ്ഞു പുളഞ്ഞു് കെട്ടിപ്പിണഞ്ഞു കിടക്കുകയാണ്. അവർ അങ്ങിനെ നായാടാൻ ജന്തുക്കളെ തിരക്കി നടക്കുമ്പോൾ, അൽപ്പം അകലെ ചെറുതായിട്ട് കാടൊന്നിളകി. മൂന്നുപേരും കൂടി ലാക്ക് നോക്കി അങ്ങോട്ടേക്കു. "അയ്യോ! അതാ വരുന്നു! കരിമ്പടക്കെട്ടു പോലെയുള്ള ഒരു ജന്തു. ഒരു കരടി. ഓടിക്കൊ" എന്നു പറഞ്ഞ ഒരു ശബ്ദമേ മാരാര് കേട്ടുള്ളു. പിന്നെ അയാളെ കണ്ടില്ല. കുഞ്ഞുമോനും, രാരിച്ചനായരും മാരാരുടെ പരക്കം പാച്ചിൽ കണ്ടപ്പോൾ ജീവനും കൊണ്ടോടി. കരടിക്കു തന്നെ ചിരി വന്നുപോയി. അവരെ കണ്ടുപിടിക്കേണ്ട ഭാരം പിന്നെ കരടിക്കായി. തടിച്ച ശരീരവും കുലുക്കി അത് പതുക്കെ, പതുക്കെ നടന്ന്, നടന്ന് നല്ല കമുകുപോലുള്ള ഒരു മരത്തിൻെറ ചുവട്ടിലെത്തി. കരടി ഒന്നിരുന്നു. അപ്പോൾ കേൾക്കാം, അതിൻെറ മുകളിൽ ഒരു ചെറിയ അനക്കം. അതെന്താണെന്ന് അറിയാൻ കരടി മുകളിലേയ്ക്ക് നോക്കി. അതാ ഇരിക്കുന്നു അതിൻെറ മണ്ടയിൽ നമ്മുടെ ചങ്കുമാരാര്. അയാൾ അവിടെ ഇരുന്ന് ശരണം വിളിക്കുകയാണ് പതുക്കെ. വിറച്ചു വിറച്ച് അയാൾ വീഴുമെന്ന് തോന്നും. കരടി പല്ലിളിച്ചുകൊണ്ട് പതുക്കെ അതിൽ കയറാൻ ഉള്ള ശ്രമമാണ്. മാരാരുടെ ശരണം വിളി ഉച്ചത്തിലായി. തുടയ്ക്ക് വണ്ണം അൽപ്പം കുറവായ



(അതാ ഇരിക്കുന്നു, അതിൻെറ മണ്ടയിൽ
നമ്മുടെ ചങ്ങാതി.)

തുകൊണ്ടു് കരടിക്കു് കയറാൻ മേല. അതു് ആ മരത്തിന്റെ ചുവട്ടിൽ അൽപ്പം മാറി ഒരു പാറക്കല്ലിൽ ഇരിപ്പുറപ്പിച്ചു. ഇടയ്ക്കിടയ്ക്കു് ചങ്കുമാരാരെ ഒന്നുനോക്കി ചീറി ഒന്നു നക്കും. കരടിയുടെ കണ്ണു് അങ്ങോട്ടു് തിരിയുമ്പോഴും മാരാരുടെ ശരണംവിളിയുടെ മൂപ്പുകൂട്ടും. നേരം കുറേയായി. കരടി ആ പാറക്കല്ലിൽ ഞാനൊന്നും അറിഞ്ഞില്ലേ എന്ന മട്ടിൽ കിടപ്പായി. മാരാരു് മരത്തിൽ ഇരുന്നിരുന്നു് മൊരഞ്ഞു. കൈയ്യും, കാലും കഴച്ചു് ഒടിയാറായി. നല്ലപോലെ വിറയ്ക്കുന്നുമുണ്ടു്. വിശപ്പാണെങ്കിൽ അതങ്ങിനെ. രാവിലെ ഏതാണ്ടു് അൽപ്പം കഴിച്ചതാണു്. കുറേക്കൂടി ഇങ്ങിനെ ഇരുന്നാൽ തല കറങ്ങി താഴെ വീഴും, തീർച്ച. ഇങ്ങിനെ വിചാരിച്ചുകൊണ്ടിരിക്കുമ്പോഴും കുഞ്ചുമേനോനും, രാരിച്ചനായരും പതുക്കെ, പതുക്കെ വരുന്നു. ഇത്ര നേരമായിട്ടും മാരാരെ കാണാഞ്ഞതുകൊണ്ടു് അന്വേഷിച്ചിറങ്ങിയതാണു്. അവരെ കണ്ടപ്പോഴും മാരാർ ഉറക്കെ ശരണം വിളിച്ചു. കരടിയാണെങ്കിൽ അതു് ഒട്ടും വക വയ്ക്കാതെയായി. അതുകൊണ്ടു് അയാളുടെ ശരണംവിളിയുടെ ശബ്ദം പെട്ടെന്നു് ഉയർന്നതിന്റെ കാരണമെന്താണെന്നു് ശ്രദ്ധിക്കാൻ കരടി ഒരുമ്പെട്ടില്ല. എന്നു തന്നെയുമല്ല, അതിനു് ചെറിയ ഒരു ഉറക്കം വരുന്നുമുണ്ടു്. മാരാരു് മരത്തിന്റെ മണ്ടയിൽ ഇരുന്നുകൊണ്ടു് കരടി കിടക്കുന്ന സ്ഥാനം കൂട്ടുകാർക്കു പറഞ്ഞുകൊടുത്തു. അവർ രണ്ടുപേരുംകൂടി ഒരു മരത്തിനു് മറഞ്ഞുനിന്നുകൊണ്ടു് കരടിയെ നോക്കി തോക്കു് ചൂണ്ടി കൊടുത്തു ഒരു വെടി. പകുതി ഉറങ്ങിയ കരടിക്കു വെടിയേററപ്പോഴും അതു് പ്രാണവേദനയോടെ പിടഞ്ഞു് എഴുന്നേററു് മാരാരു് ഇരിക്കുന്ന മരത്തിന്റെ ചുവട്ടിലേയ്ക്കു് പാഞ്ഞു. ക

രടിയുടെ പരക്കം പാഞ്ഞുള്ള ഓട്ടം കണ്ടപ്പോൾ മാരാരു് തീർച്ചപ്പെടുത്തി അതു് മരത്തിൽ കയറുമെന്നു്. അയാളുടെ തല ചുററി കൈവിട്ടു. പൊത്തോ എന്നു് ചക്ക വെട്ടിയിട്ടപോലെ അതാ കിടക്കുന്നു മാരാരു്. വീണതു് കരടിയുടെ പുറത്തു്. വെടിയുടെ ശക്തികൊണ്ടു് നേരത്തെ അതു് ചത്തു കഴിഞ്ഞിരുന്നു. ഇതൊക്കെ ഒരു ഞൊടിയിടയിൽ മിന്നൽപോലെ കഴിഞ്ഞു.

കുഞ്ഞുമോനും, രാരിച്ചനായരുംകൂടി മാരാരു് വീണതു കണ്ടപ്പോൾ ഓടിയെത്തി. കരിമ്പടക്കെട്ടിൻെറ പുറത്താണു് മൂപ്പരു് വീണതു്. കരടിക്കു് ഒരനക്കവുമില്ല. അല്ലാ, മാരാരും അനങ്ങുന്നില്ലല്ലോ! ഒരു ഇല കോട്ടി അടുത്തുള്ള തോട്ടിൽനിന്നു് രാരിച്ചനായരു് കുറച്ചു വെള്ളം കൊണ്ടുവന്നു് മാരാരുടെ മുഖത്തു് തളിച്ചു. പത്തു് വിനാഴിക കഴിഞ്ഞപ്പോൾ അയാൾ കണ്ണു തുറന്നു. പക്ഷേ, കരടിയെ അടുത്തു കണ്ടപ്പോൾ മാരാരു് കണ്ണടച്ചു് ചത്തതുപോലെ അനങ്ങാതെ വീണ്ടും കിടപ്പായി. കുഞ്ഞുമോൻ വിളിച്ചുകൂവി. കരടി ചത്തെ, കരടി ചത്തു. മാരാരു് എഴുന്നേററിരുന്നു. സൂക്ഷിച്ചു നോക്കി. സംശയിക്കാനില്ല. കരടി ചത്തതു തന്നെ. വെറുതായൊന്നു ചിരിച്ചിട്ടു് മാരാരു പറഞ്ഞു. “ഞാൻ അവൻെറ പുറത്തു് ചാടിയില്ലായിരുന്നെങ്കിൽ കാണാമായിരുന്നു.”

# 5. ബുദ്ധിയുണ്ടെങ്കിൽ പിഴയ്ക്കാം

നൂററിയിരുപത്തിനാലു വയസ്സുവരെ മൺവെട്ടി നിലത്തുവയ്ക്കാതെ ജീവിച്ചിരുന്ന ആളാണ് നമ്മുടെ പാച്ചുകാരണവരു്. പാച്ചുകാരണവർക്കു് മൂന്നു പുത്രന്മാരുണ്ടായിരുന്നു. ഏററവും ഇളയവനെ മണ്ടപ്പൻ എന്നാണ് എല്ലാവരും വിളിച്ചിരുന്നതു്. നിറം അല്പം കറുപ്പാണ്. നല്ല ഈട്ടിത്തടിപോലെ. എപ്പോഴും ഒരു മൂളിപ്പാട്ടും പാടി നടക്കും. പാട്ടു പാടുമെങ്കിലും ആളു് അരമടയനാണ്. മൂത്ത രണ്ടുപേരു് ബുദ്ധിമാന്മാരാണ്. കാരണവരു് ജാതകമൊക്കെ നോക്കി. സമയമൊക്കെ അറിഞ്ഞു് കർക്കടകമാസത്തിൽ മരിക്കാൻ പായ് വിരിച്ചു് കിടന്നു. മൂന്നു മക്കളേയും കട്ടിലിന്നരികിൽ വിളിച്ചിരുത്തി പറഞ്ഞു. "എടാ! പിള്ളേരെ! എനിയ്ക്കു് വലിയ സമ്പാദ്യമൊന്നുമില്ല. പിന്നെ നിങ്ങൾക്കു് മൂന്നു പേർക്കും മൂന്നു സമ്മാനങ്ങൾ തരാം. വ

ലിയ വിലയുള്ള വയൊന്നുമല്ല. എങ്കിലും നിങ്ങളുടെ സാമ ത്ഥ്യം പോലെയിരിക്കും.” മൂന്നു പേർക്കും വലിയ സന്തോ ഷമായി. മൂപ്പീന്ന് ഉടനെതന്നെ മൂത്ത മകനെ വിളിച്ച് ഒരു പൂവൻകോഴിയെ എടുത്ത് കൈയിൽ കൊടുത്തു. അ ച്ഛനല്ലെ കൊടുക്കുന്നത്. ഭക്തിയോടുകൂടി തൊഴുതു മേടി ച്ചു. രണ്ടാമത്തെ മകനെ വിളിച്ചു. അവനും തൊഴുതുകൊ ണ്ട് അച്ഛൻെറ അടുത്ത് ചെന്നു. പാച്ചുപിള്ള ഒരു അരി വാൾ എടുത്ത് അവൻെറ കൈയ്യിൽ കൊടുത്തു. അതു് വാങ്ങിച്ചുകൊണ്ട് രണ്ടാമത്തെ മകൻ മാറിയപ്പോൾ, ഏ റവും ഇളയവനെ വിളിച്ചു. അവൻ ചെന്ന് തൊഴുതു. അവന് കിട്ടിയതു് ഒരു പൂച്ചയായിരുന്നു. ഇത്രയും ആയി രുന്നു പാച്ചുക്കാരണവരുടെ ആകെയുള്ള സമ്പാദ്യം.

•

ഭാഗം കഴിഞ്ഞ് കാരണവർ സുഖമായിട്ട് മരിച്ചു. മൂത്ത മകൻ വിചാരിച്ചു. “ദൈവമെ! ഈ പൂവൻകോ ഴിയെ ആണല്ലോ എനിക്ക് തന്നതു്. ഒരു മുട്ടപോലും കി ട്ടുകയില്ല. കൊന്ന് അല്പം ഇറച്ചിക്കറി കഴിക്കാം. പക്ഷേ, നമ്മുടെ മണ്ടപ്പൻ കോഴിയെ കൊല്ലാൻ സമ്മതിച്ചില്ല. അ വൻ അതിനെ എടുത്ത് കക്ഷത്തിലാക്കിക്കൊണ്ട് ഒരു നട കൊടുത്തു. അവൻ ആ നാട്ട് വിട്ടു. നടന്നു, നടന്ന് വള രെ ക്ഷീണിച്ചു. ഏതു ദിക്കിൽ പോയാലും അവിടെയെ ല്ലാം ഉണ്ട് കോഴികൾ. ഒടുവിൽ നിർമ്മണിപുരം എന്നൊ രു നാട്ടിൽ എത്തി. അവിടെ സമയം അറിയാൻ ഒരു വ ഴിയും ഇല്ല. അതുകൊണ്ട് ആകപ്പാടെ ആ നാട്ടിൽ വലി യ കുഴപ്പം. ഉച്ചയ്ക്ക് പന്ത്രണ്ടു മണിക്കാണ് ആളുകൾ എഴുന്നേൽക്കുന്നതും, പല്ലു തേക്കുന്നതും. ഊണു കഴിയു

മ്പോൾ സന്ധ്യയാകും. അതുകൊണ്ട് ആളുകൾ വിഷമിച്ചെന്ന് പറഞ്ഞാൽ മതിയല്ലോ. അങ്ങിനെയുള്ള നാട്ടിലാണ് നമ്മുടെ മണ്ടപ്പൻ പൂവൻകോഴിയുമായി എത്തിയത്. അവിടത്തുകാർ കോഴിയെ കണ്ടിട്ടേയില്ല—എന്തൊരു വിശേഷപ്പെട്ട പക്ഷിയാണ് ഇത്. ആളുകളുടെ അത്ഭുതം കണ്ടപ്പോൾ ഇതുതന്നെ തരമെന്ന വിചാരിച്ച് മണ്ടപ്പൻ ചുററും കൂടിയ ആളുകളോട് ഇങ്ങിനെ പ്രസംഗിച്ചു. നിമ്മണിപുരം നിവാസികളേ!! ഈ ദിവ്യപക്ഷിയെ ഞാൻ ഇതാ നിങ്ങൾക്ക് സമയം അറിയുന്നതിന് സഹായിക്കാൻ ഇവിടെ കൊണ്ടുവന്നിരിക്കുന്നു. ഇവൻ നിങ്ങളുടെ വിഷമങ്ങൾക്ക് അവസാനം ഉണ്ടാക്കും. നേരം വെളുക്കാറാകുമ്പോൾ അവൻ അത് വിളിച്ച് അറിയിക്കും. അപ്പോൾ മുതൽ സന്ധ്യ ആകുന്നതുവരെയുള്ള സമയം പകലായിരിക്കും. ആളുകൾക്ക് വലിയ സന്തോഷമായി. എന്തു ചെലവു വന്നാലും ആ പക്ഷിയെ വിലയ്ക്കെടുക്കാൻ അവർ ഉറച്ചു. ഉടൻ തന്നെ അവർ ഒരു പണപ്പിരിവ് നടത്തി. ഒരു ലക്ഷത്തി എൺപതിനായിരത്തി ഇരുന്നൂററി നാല്പത്തിയൊന്ന് വരാഹൻ അവർക്ക് പിരിഞ്ഞു കിട്ടി. അതുകൊണ്ട് അവർ ആ പൂവൻകോഴിയെ വാങ്ങി. മണ്ടപ്പൻ മടങ്ങി നാട്ടിൽ വന്നത് ഒരു രാജാവിനെ പോലെയാണ്.

രണ്ടാമത്തെ മകൻ ഈ കഥ അറിഞ്ഞപ്പോൾ അതു പോലെ ഒന്നു പരീക്ഷിച്ചാൽ എന്തെന്ന് ഒരു തോന്നൽ. എനിട്ട് അരിവാളും എടുത്ത് കക്ഷത്തിൽ വച്ചുകൊണ്ട് നെട്ടുകെ തെക്കോട്ടു നടന്നു. കുറച്ചു ദിവസം നടന്നപ്പോൾ നടക്കാൻ ഒരു മടി. അയാളുടെ മുൻപിൽ നല്ല ഒന്നാംതരം

നെൽപ്പാടം. അവിടെ ജോലിക്കാർ നിന്ന് വേല ചെയ്യുകയാണ്. നാഞ്ചിനാട്ട് ആണ് ആ നാട്ട്. അവിടെ ജോലി ചെയ്തുകൊണ്ടിരുന്ന കൃഷിക്കാരെ വിളിച്ചുകൂട്ടി ഇങ്ങിനെ തട്ടി വിട്ടു. "നെൽകൃഷിക്കാരെ! നിങ്ങളുടെ വിഷമതകൾ നീക്കാനായി ഞാൻ ഇതാ ഒരു ദിവ്യായുധം കൊണ്ടുവന്നിരിക്കുന്നു. വെറും തുച്ഛമായ ആയിരം രൂപായ്ക്ക് ഞാൻ ഇതു നിങ്ങൾക്ക് തരാം. ഇതിൻെറ വില ഒരു ലക്ഷം രാശിയാണ്. നിങ്ങളെ സഹായിക്കാൻ ഈ ചെറിയ നഷ്ടം ഞാൻ സഹിച്ചുകൊള്ളാം". ഇതു കേട്ടപ്പോൾ കൃഷിക്കാർക്ക് ഉണ്ടായ കോപത്തിന് അതിരില്ല. "കൊണ്ടുപോടേ. ഒരു തുരുമ്പു പിടിച്ച അരിവാളും കൊണ്ട് ആളുകളെ പററിക്കാൻ നടക്കുന്നു. ഫോ — ഫോ ഇപ്പോ വിട്ടിരിക്കുന്നു".

നാണവും കെട്ട് നനഞ്ഞ നായെപ്പോലെ അയാൾ മടങ്ങി നാട്ടിൽ എത്തി. വിവരം മണ്ടപ്പനെ മാത്രം അറിയിച്ചു. മണ്ടപ്പൻ എന്തു ചെയ്തെന്നോ? അരിവാളും വാങ്ങി കപ്പൽ കയറി കാപ്പിരികളുടെ നാട്ടിൽ ഇറങ്ങി. അവിടെ ഇരുമ്പ് എന്നൊരു ലോഹം ആർക്കും അറിഞ്ഞുകൂട. പാടം ഒക്കെ പഴുത്തു കിടക്കുകയാണ്. കൊയ്യാൻ ആണെങ്കിൽ അരിവാൾ ഇല്ല. ആളുകൾ നിന്ന് കതിരു് പിഴുതാണ് ശേഖരിക്കുന്നത്. അവിടെ ചെന്നിറങ്ങിയ ചെലവിന്ന് നമ്മുടെ മണ്ടപ്പൻ അടുത്തു നിന്നിരുന്ന കാശാവ് ചെടി അരിവാൾ കൊണ്ട് ഒററ വെട്ട്. ചെടി രണ്ടു തുണ്ടം. ആളുകളൊക്കെ അത്ഭുതപ്പെട്ടു. അവർ ചെടികൾ ഒടിക്കുകയല്ലാതെ മുറിച്ചിട്ടില്ല. എല്ലാവരുംകൂടി മണ്ടപ്പൻെറ ചുററുംകൂടി. ലക്ഷക്കണക്കിനുള്ള ഒരു ആൾക്കൂട്ടം. അവരു

ടെ രാജാവ് അതുവഴി പോയിട്ടും ആരും ഒന്ന് തിരിഞ്ഞു നോക്കിയതു പോലുമില്ല. എന്താണീ ബഹളത്തിന് കാരണം? രാജാവ് അന്വേഷിച്ചു. വിവരം അറിഞ്ഞപ്പോൾ മണ്ടപ്പനെ രാജാവിൻെറ മുൻപിൽ കൊണ്ടുചെല്ലാൻ ആജ്ഞയായി. മണ്ടപ്പൻ രാജാവിൻെറ മുമ്പിൽ എത്തി. അരിവാളിൻെറ മാഹാത്മ്യം വർണ്ണിച്ചു കേൾപ്പിച്ചു. രാജാവിന് അതു് കൂടിയേ തീരൂ; എന്തിന്? രാജാവ് മന്ത്രവ് ചാക്ക് മാണിക്യം കൊടുത്തിട്ട് അതു വാങ്ങി.

മണ്ടപ്പൻ മാണിക്യവുമായി നാട്ടിൽ എത്തി. എന്തു പറയാനാണ്? മാണിക്യം രണ്ടു ചേട്ടന്മാർക്കും ആയി വീതിച്ചു കൊടുത്തു. അവർ അങ്ങിനെ സുഖമായി ജീവിച്ചു. മണ്ടപ്പന് വയസ്സായി. അയാളും, അയാൾക്ക് അച്ഛൻ കൊടുത്ത പൂച്ചയും അവിടെ ജീവിക്കുകയായിരുന്നു. മണ്ടപ്പന് രാമേശ്വരം വരെ ഒരു തീർത്ഥയാത്ര ചെയ്താൽ കൊള്ളാമെന്നൊരാശ. ഒരു ദിവസം രാവിലെ പുറപ്പെട്ടു രാമേശ്വരത്തേയ്ക്ക്. വഴിക്കുവച്ച് തൻെറ ചക്കിപ്പൂച്ചയെ കാട്ടിൽ വിട്ടിട്ടു പറഞ്ഞു. “നീ പോയി പിഴച്ചോ.” അന്ന് കാട്ടിൽ കയറിയ പൂച്ചയാണ് ഇന്നും വള്ളിപ്പുലിയായി കാണാറുള്ളതിൻെറയൊക്കെ തള്ള. മണ്ടപ്പൻ പിന്നെ തിരിച്ചു വന്നിട്ടില്ല. അയാൾ രാമേശ്വരത്തു കിടന്ന് മരിച്ചതായിരിക്കുമെന്നാണ് ഇന്നും വിശ്വാസം. പഴയ നമ്മുടെ വള്ളിപ്പുലി അങ്ങിനെ ഒന്നും വിശ്വസിക്കുന്നില്ല. ഇപ്പോഴും നാട്ടിലുള്ള വീടുകളിൽ വന്ന് മണ്ടപ്പൻ വന്നിട്ടുണ്ടോ എന്ന് അന്വേഷിക്കാറുണ്ട്.

## 6. നെല്ലിക്കയും, ഉള്ളിയും

നെല്ലിക്കയേയും, ഉള്ളിയേയും പററി ഞാൻ ഒരു കഥ പറയാം. അവർ തമ്മിൽ ഒരു തർക്കമുണ്ടായി. ഞാനാണ് മിടുക്കൻ, ഞാനാണ് മിടുക്കൻ എന്ന് രണ്ടുപേരും വാദിച്ചു.

നെല്ലിക്കക്ക് കടലയും, ഉള്ളിക്ക് ഉഴുന്നും കൂട്ടുകാരായിരുന്നു.

വഴക്കുമൂത്ത് രണ്ടുപേരും കൂടി ബ്രഹ്മാവിൻെറ അടുത്തുചെന്ന് കാര്യം പറഞ്ഞു. അപ്പോൾ ബ്രഹ്മാവ് പറഞ്ഞു. "ഞാൻ നിങ്ങളെ രണ്ടു പേരേയും ഒരു മുറിയിൽ ഇട്ടു പൂട്ടും. ഒരാഴ്ച കഴിഞ്ഞു വന്നു നോക്കുമ്പോൾ ആരാണ് മിടുക്കനെന്ന് മനസ്സിലാകും" എന്ന്. രണ്ടു പേരേയും പിടിച്ച് ഒരു മുറിയിലിട്ട് പൂട്ടി. ഉഴുന്നും, കടലയും കാവലുമായി.

ഒരാഴ്ച കഴിഞ്ഞു. ബ്രഹ്മാവു് നോക്കാൻ വന്നു. അപ്പോഠം നെല്ലിക്കാ ശുഷ്ക്കിച്ചു് ചുക്കി ചുളുങ്ങി ഒരു മൂലയിൽ കിടക്കുന്നു. ഉള്ളിയാകട്ടെ, താഴോട്ടു് വേരും, മേലോട്ടു് മുളയും ആയി അങ്ങിനെ മിടുക്കനായി നിൽക്കുന്നു. അതു കണ്ടു് സന്തോഷംകൊണ്ടു് ഉഴുന്നു് ഒന്നു ചിരിച്ചു. ഉഴുന്നിൻെറ നടുക്കു് ഒരു വെളുത്ത പാടു് കാണുന്നതു് ആ ചിരിയാണു്. കടല ലജ്ജിച്ചു് മുഖം ചുളിച്ചു. അതുകൊണ്ടാണു് കടലയ്ക്കു് ചുളിവുകഠം ധാരാളം ഉള്ളതു്.

ആ മിടുക്കനായ ഉള്ളിയെ അനുകരിച്ചാണു് മഹർഷിമാർ താടിമീശ വളർത്തി ജടാധരം മേൽപ്പോട്ടു വയ്ക്കാൻ തീരുമാനിച്ചതു്.

---

# 7. ലുബ്ധൻ

ഒരിടത്തു് ഒരു ലുബ്ധൻ ഉണ്ടായിരുന്നു. ലുബ്ധൻ എന്നു വച്ചാൽ ആരാണെന്നു് അറിയാമല്ലോ. ആവശ്യത്തിനുപോലും ഒന്നും ചെലവാക്കാത്ത ആളു്. ഇയാൾ ഉണ്ടായിരുന്ന മുതലൊക്കെ വിററിട്ടു് എല്ലാ പണവും കൊണ്ടു് ഒരു സ്വർണ്ണവിളക്കു് വാങ്ങി. അതു് ആരും കാണാത്ത ഒരു സ്ഥാനത്തു് ഒരു കുഴിയുണ്ടാക്കി അതിൽ ഒളിച്ചുവച്ചു. ദിവസവും വൈകുന്നേരം അവിടെ ചെന്നു് ഒന്നു നോക്കിയിട്ടു് തിരിച്ചുപോരും. ഇയാളുടെ പോക്കു വരവുകൾ മുടങ്ങാതായപ്പോൾ അയാളുടെ അയലത്തുള്ള ഒരു കള്ളനു് ഒരു സംശയം തോന്നി. ലുബ്ധൻ ദിവസവും വൈകുന്നേരം പോകുന്നതെവിടെയെന്നു് അയാൾ മറഞ്ഞു നിന്നു് മനസ്സിലാക്കി. ഒരിക്കൽ ലുബ്ധൻ വിളക്കുകണ്ടു് സന്തോഷിച്ചു മടങ്ങിയപ്പോൾ ആ കള്ളൻ അവിടെ

ചെന്ന് സ്വർണ്ണവിളക്ക് മോഷ്ടിച്ചു കൊണ്ടുപോയി. പിറെറ ദിവസം ലുബ്ധൻ അവിടെ ചെന്ന് വിളക്ക് നോക്കിയപ്പോഠം കാണ്മാനില്ല. അയാഠം നെഞ്ചത്തടിച്ച് വാവിട്ടു കരഞ്ഞു. തലമുടിയൊക്കെ വലിച്ചു പിഴുതു. തല നിലത്തടിച്ചു നിലവിളിച്ചു. ഇതൊക്കെ കണ്ടും, കേട്ടും നാട്ടുകാരൊക്കെ അയാളുടെ അടുത്തെത്തി. അയാളുടെ സങ്കടത്തിന്ന് കാരണമെന്തെന്ന് ചോദിച്ചു. അയാളുടെ വിളക്ക് മോഷണംപോയെന്ന് മനസ്സിലായപ്പോഠം അവരുടെ കൂട്ടത്തിലുണ്ടായിരുന്ന ഒരാളു് പറഞ്ഞു: "കിട്ടുണ്ണ്യാരെ! നിലവിളിക്കാതിരിക്കൂ. ആ സ്വർണ്ണവിളക്കിൻെറ സ്ഥാനത്ത് അതിനുപകരം ഒരു കല്ലു് എടുത്തുകൊണ്ടു വയ്ക്കു്. എന്നിട്ടു് അതു നിങ്ങളുടെ സ്വർണ്ണവിളക്കാണെന്ന് കരുതിക്കൊള്ളൂ. സ്വർണ്ണവിളക്ക് ഏതായാലും നിങ്ങഠം ഉപയോഗത്തിന്ന് ഉദ്ദേശിച്ചതല്ലല്ലൊ. അതുകൊണ്ടു് കല്ലായാലും സ്വർണ്ണമായാലും കാര്യത്തിനെല്ലാം ഒപ്പംതന്നെ. നേരല്ലേ. ധനത്തിൻെറ നില അതിൻെറ ഉപയോഗത്തിലല്ലേ ഇരിക്കുന്നതു്.?"

# 8. മടിയൻെറ പെൺപിറന്നോർ

ഒരിടത്തു് കുഴിമടിയൻ ഇട്ടി രാരിശമേനോനും, അയാളുടെ ഭാൎയ്യ മുഴുമടിച്ചി ചക്കിയമ്മയും താമസിച്ചിരുന്നു. അവർതമ്മിൽ എപ്പോഴും തൎക്കമാണു്. തൎക്കം എന്തിനെക്കുറിച്ചാണെന്നോ? ആൎക്കാണു് കൂടുതൽ മടി എന്നതിനെപ്പററി. തൎക്കത്തിൽ ജയിക്കാൻ അവർ രണ്ടുപേരും മത്സരമാണു്. രണ്ടുപേരും ഒരു ജോലിയും ചെയ്യുകയില്ല. ജോലിചെയ്യാത്തതുകൊണ്ടു് മുഴുപ്പട്ടിണിയുമാണു്.

ഒരു ദിവസം സന്ധ്യാസമയം ആയിരുന്നു. കുഴിമടിയൻ മേനോൻ പാടത്തുകൂടെ പതുക്കെ വടക്കോട്ടു നടന്നു പോകുകയായിരുന്നു. അപ്പോഴം അതാ നേരെ വരുന്നു ഒരു വിചിത്രമായ രഥം—നല്ല ഭംഗി—ആരും അതു നോക്കി നിന്നുപോകും. ആടുന്ന കൊടികളും തോരണങ്ങളും മിന്നുന്ന അലുക്കുകളും രസക്കുടുക്കകളും എന്നുവേണ്ട

എന്തൊക്കെ! ഇതു കണ്ടപ്പോൾ ഇട്ടി രാരിശമേനോൻ പേടിച്ചു് നിന്നുപോയി. എന്തു പ്രകാശം ആ രഥത്തിനു ചുററും! പെട്ടെന്നു് അതു നിന്നു. രഥത്തിന്നു് അനക്കമില്ല. അകത്തുനിന്നു് വീണനാദംപോലൊരു ശബ്ദം. എത്ര ഇമ്പമുള്ളതെന്നോ! മേനോൻ അതുകൂടി കേട്ടപ്പോൾ വായുംപൊളിച്ചുനിന്നു. "ഹേ മനുഷ്യാ! ഇങ്ങോട്ടൊന്നു വരൂ. ഈ തേരിന്റെ ചക്രം ചെളിയിൽ പുതഞ്ഞുപോയി. അതൊന്നു് ഉയർത്തിവിടൂ." നമ്മുടെ കുഴിമടിയൻ ആരുപറഞ്ഞാലും കേൾക്കാത്തവനാണു്. പക്ഷേ ആ ശബ്ദം കേട്ടപ്പോൾ പോകാതിരിക്കാൻ നിവൃത്തിയില്ലെന്നു തോന്നി. പാവം—വിറച്ചു്, വിറച്ചു് തേരിന്റെ അടുക്കലേയ്ക്കു ചെന്നു. ഘനമില്ലാത്ത തിരശീലയിൽകൂടി അയാൾ അകത്തേയ്ക്കു നോക്കി. മേനോന്റെ കണ്ണു് മഞ്ചിപ്പോയി. വായ് ഇരട്ടി തുറന്നു് അങ്ങിനെ നില്പായി. അതിസുന്ദരിയായ ഒരു ദേവത അതിൽ ഇരിക്കുന്നു! എന്തൊരു അഴകുള്ള സ്ത്രീ. മഹാലക്ഷ്മിയെന്നു് തോന്നും. അയാളുടെ ഭാവമൊക്കെ കണ്ടപ്പോൾ ദേവത ചിരിച്ചുകൊണ്ടു് പറഞ്ഞു—"ഹേ മനുഷ്യാ! ഭയപ്പെടേണ്ട. എന്റെ തേരു് ഒന്നു് ഉന്തിവിടൂ. തനിക്കു് എന്തുവേണമെങ്കിലും തരാം." ഒന്നും പറയാതെ മേനോൻ രഥം ഇളക്കിത്തള്ളി ചളിയിൽനിന്നു് മാററിനിറുത്തി. അതു് ഓടിക്കുവാൻ ഒരു വിഷമവുമില്ലാതായി. "തന്റെ ഭാര്യയ്ക്കു് മൂന്നു വരം ഞാൻ നൽകുന്നു. വേഗം വീട്ടിൽ പോയി എന്താ വേണ്ടതെന്നു വച്ചാൽ ചോദിക്കൂ" എന്നു പറഞ്ഞിട്ടു് ദേവത രഥം ഓടിച്ചുപോയി. അതു് പോകുന്നതു കണ്ടുകൊണ്ടു് കുഴിമടിയൻ കുറച്ചുനേരം അവിടെനിന്നു. അതുകഴിഞ്ഞു്

കൊട്ടത്തു ഒരോട്ടം വീട്ടിലേയ്ക്ക്. അവിടെ ചെന്ന് മുഴ മടിച്ചി ചക്കിയോട്ട് എല്ലാ വിവരങ്ങളും പറഞ്ഞു. അവ രുണ്ടോ ഇട്ടി രാരിശമേനോൻെറ വാക്കുകൾ വിശ്വസി ക്കുന്നു? അവരു് അയാളെ കളിയാക്കി ചിരിച്ചുകളഞ്ഞു. അതുകൂടിയായപ്പോൾ കുഴിമടിയൻെറ ക്ഷമയുടെ അതിരു കവിഞ്ഞു. "ങ്—കള്ളമാണെന്ന് തള്ളിക്കളയാതെ ചക്കി—നീ എന്തെങ്കിലും ഒന്ന് ആവശ്യപ്പെട്ടു നോക്കു്." "ഓ—എന്നാൽ നോക്കാം." എന്ന് ചിറികോട്ടി പുച്ഛി ച്ചുകൊണ്ട് ചക്കി പറഞ്ഞു—"വരട്ടെ എൻെറ മുമ്പിലെ മുറം നിറച്ച് ചെങ്ങലംപെരണ്ട. എനിക്കു് കൊണ്ടാട്ടം ഉണ്ടാക്കാൻ"—ചക്കി പറഞ്ഞുതീരാത്ത താമസം. എ ന്തൊരത്ഭുതമെന്നു നോക്കണം—മുറംനിറച്ച് ചെങ്ങലംപെ രണ്ട. പറഞ്ഞു പറഞ്ഞു് കാര്യം അങ്ങു പററി. എ ങ്കിലും ചെങ്ങലംപെരണ്ടയ്ക്കുവേണ്ടി ഒരു വരം കളഞ്ഞ ല്ലൊ എന്നോർത്ത് അവർ രണ്ടുപേരും ദുഃഖിച്ചു. ഇനി ബാ ക്കി രണ്ടു വരമേയുള്ളു. അതെങ്കിലും ഉപയോഗപ്പെടുത്തണം. അവർ ആലോചനയായി. "എനിക്കു് കാതിലും കഴു ത്തിലും കൈയ്യിലും നിറച്ച് ആഭരണങ്ങൾ ചോദിച്ചാലോ?" ചക്കി പറഞ്ഞു. "അയ്യോ! നമ്മുടെ ദാരിദ്ര്യം മാറിക്കി ട്ടാൻ വല്ലതും ചോദിക്കൂ ചക്കീ" എന്നായി മേനോൻ. എന്തിന്, അതുമിതും പറഞ്ഞു് അവർ തമ്മിൽ വഴ ക്കായി. "ഞാൻ വാങ്ങിച്ചുതന്ന മൂന്നു വരത്തിൽ ഒന്ന് നീ വെറുതെ ചെങ്ങലംപെരണ്ടയ്ക്കുവേണ്ടി ഇല്ലായ്മ ചെയ്തു—ഈ ചെങ്ങലംപെരണ്ട എന്തിനു കൊള്ളാം?" ഇട്ടിരാരിശനു കോപംവന്നു. ചക്കിക്കും ദേഷ്യംവന്നു. പിന്നെ വരാതിരിക്കുമോ? "കൊള്ളാം—ഈ ചെങ്ങലം

പെരണ്ട മുഴവനും നിങ്ങടെ മൂക്കിൽ തൂക്കിയിടണം.” ചക്കി ഒന്നു പറഞ്ഞു. ശ്ശെടാ, ചെങ്ങലംപെരണ്ട മുഴവൻ തൂങ്ങി തൂങ്ങി ഇട്ടിരാരിശൻെറ മൂക്കിൽനിന്ന് കീഴോട്ട് കിടക്കുന്നു. ഇനി എങ്ങിനെ നാലുപേരുടെ മുമ്പിൽ പോകും! നാണക്കേട്ടതന്നെ—മഹാ നാണക്കേട്. അതുകണ്ടപ്പോൾ ചക്കിക്കും സങ്കടംതോന്നി. സ്വന്തം ഭർത്താവിൻെറ മൂക്കിൻെറ അററത്ത് ചെങ്ങലംപെരണ്ട കാണുമ്പോൾ അയലത്തെ പെണ്ണുങ്ങൾ അവളെ നോക്കി ചിരിക്കുകയില്ലേ—ഇല്ല—അത് ഇല്ലാതാക്കാതെ നിവൃത്തിയില്ല. ഇത് വിട്ടുവിക്കണം. ഭർത്താവിന് പഴയ മൂക്ക് വരുത്തണം. മേനോൻ കരഞ്ഞുകൊണ്ട് ചക്കിയുടെ കാലുപിടിച്ചു. പക്ഷെ ഇനി ഒരു വരമല്ലേ ഉള്ളൂ. അതുക്കൂടി തീന്നാൽ പിന്നെ ഒന്നും ഇല്ല. “ദാരിദ്ര്യം പരിഹരിയ്ക്കേണ്ടേ.” ചക്കി ചോദിച്ചു. ഇട്ടിരാരിശൻ ഇരുന്നു കരഞ്ഞുകൊണ്ട് പറഞ്ഞു. “മൂക്കത്ത് ചെങ്ങലംപെരണ്ട തൂങ്ങിക്കിടക്കുമ്പോൾ ആക്ക് വേണമെടീ സ്വത്ത്.” പാവം—മേനവൻെറ കരച്ചിൽ കേട്ടപ്പോൾ അല്പാ ദയതോന്നി. എന്നാൽ എന്തു ചെയ്യാനാ. മൂക്കത്തുനിന്ന് ചെങ്ങലംപെരണ്ട പോകട്ടെ. അതും പറഞ്ഞുതീന്നു. മേനോൻെറ മൂക്ക് മുൻപിലത്തെ മാതിരിയായി.

അങ്ങിനെ മൂന്നു വരവും തീന്നു. കഴിമടിയനും മുഴമടിയത്തിയും പിന്നെയും പഴയപടി പട്ടിണിതന്നെ.

---

## 9. മാനത്തുനിന്നു് ആന വീണപ്പോൾ

പഴയ കാലത്തു് മുതിര പരന്നതല്ലായിരുന്നു. പിന്നെ എങ്ങിനെയാണു് ഇതു് പരന്നതു്? ഞാനെൻെറ മുത്തശ്ശിയോടു് ചോദിച്ചപ്പോഴല്ലെ കാര്യം മനസ്സിലായതു്.

വളരെ മുമ്പാണു്. അന്നു് ആനകളെല്ലാം വെളുത്തതായിരുന്നു. ഇന്നല്ലേ അവയൊക്കെ കറുത്തു പോയതു്. ഇന്നു് പശുക്കളെപ്പോലെയായിരുന്നു അന്നു് ആനകൾ ഓരോ വീട്ടിലും കാണും ഒന്നു രണ്ടെണ്ണമെങ്കിലും. അന്നൊരിക്കൽ കാഞ്ഞിരത്തിൻമൂട്ടിലെ കാരണവർ ഉച്ചയോടുകൂടി പുതുവലിലെ വേലക്കാരുടെ അടുത്തേയ്ക്കു് വേല നോക്കാൻ ഒന്നു് പോകാമെന്നുറച്ചു് ഇറങ്ങി. തന്നേ പോകേണ്ട എന്നു കരുതി ഒരു ആനയെക്കൂടി അഴിച്ചു് കൂടെ കൊണ്ടുപോയി. നമ്മൾ പട്ടിയെ പിടിച്ചു് നടക്കാൻ പോകുന്നതുപോലെ തന്നെ. പുതുവലിലേയ്ക്കുള്ള

വഴിയിൽ ഇടയ്ക്കു് ഒരു നല്ല അരയാലുണ്ട്. അവിടെ ചെന്നപ്പോൾ ആൽത്തറയിൽ ഒന്നിരുന്നിട്ട് പോകാമെന്നു കരുതി. അയാൾ ആൽത്തറയിൽ കയറി തോർത്തും വിരിച്ച് ഇരുന്നു. നല്ല തണുത്ത കാററു്. എത്ര സുഖമാണു് അവിടെ ഇരിക്കാൻ! ആനയേയും ആ ചുവട്ടിൽ നിത്തിയിട്ടുണ്ട്. അതിനെ കെട്ടിയില്ല. അതും തണലിൽ അതുമിതും എടുത്തു് തിന്നുകൊണ്ട് നിൽക്കുകയാണു്. കുറേനേരം കാറേററപ്പോൾ കാർന്നോക്ക് ഒന്നുറങ്ങിയാൽ കൊള്ളാമെന്നൊരു തോന്നൽ. തോർത്തു് നീട്ടിവിരിച്ചു് അവടെ കിടന്നു് ഒന്നു മയങ്ങി.

നമ്മുടെ വെള്ളാന ആലിൻെറ ചുവട്ടിൽ ഉണ്ടല്ലോ. അതു് നിന്നിരുന്നതിൻെറ മുകളിൽ അരയാലിൻെറ കമ്പു് കാററിലാടി അല്പം ഒടിഞ്ഞിരുന്നു. ക്രമേണ അതിൽനിന്നു് കറ ഊറി, ഊറി ആനയുടെ പുറത്തു വീണു. അല്പം കഴിഞ്ഞപ്പോൾ അതു് ഉറഞ്ഞു, കട്ടിയായി ആനപ്പുറത്തു് നിരന്നുകിടന്നു.

അപ്പോൾ അതുവഴി വന്ന ഒരു കാക്ക ആലിന്റെ ഒരു കമ്പിൽ കടന്നിരിപ്പായി. വെറുതെയല്ല. ആനയുടെ പുറത്തു് എന്തോ വെളുത്ത ഒരു സാധനം മിന്നുന്നു. എന്തായാലും തിന്നാനുള്ളതായിരിക്കണമെന്നുള്ളതിൽ തക്കമില്ല. അതു പറന്നു് ആ സാധനത്തിൽ ചെന്നിരുന്നു. അപ്പോഴല്ലേ പററിയ അബദ്ധം മനസ്സിലാകുന്നതു്. കാക്ക ആലിൻകറയിൽ പശവച്ചു പററിച്ചപോലെ ഒട്ടിപ്പിടിച്ചുപോയി. ഒരു കാക്ക ആനയുടെ പുറത്തു് ഇത്രവളരെ സമയം ഇരിക്കുന്നതു കണ്ടപ്പോൾ അവിടെയുള്ള മററു കാക്കകൾക്കൊരു സംശ

യം. എന്തൊ തക്കതായ ലാക്കില്ലെങ്കിൽ ഒരു കൂട്ടുകാരൻ അവിടെ ചുമ്മാതെ കുത്തിയിരിക്കുമൊ? ഒരായിരം കാക്കകൾ ആനയുടെ പുറത്തു വന്നിരിപ്പായി. ഇരുന്നതെല്ലാം കറയി ലും. പിന്നത്തെ കഥ പറയേണ്ടതില്ലല്ലൊ. പറക്കാൻ വയ്യാ എന്നായപ്പോൾ അവ ഒന്നിച്ച് കാ, കാ, കാ എന്ന് അലയ്ക്കാനുംതുടങ്ങി. സുഖമായിട്ടു കാററുംകൊണ്ട് ഉറങ്ങിക്കിടന്നിരുന്ന കാരണവർ കാക്കയുടെ ചിലപ്പുകേട്ട് അസഹ്യതയോടെ ഉണന്നു. നോക്കിയപ്പോൾ കണ്ടതൊ? ഒരായിരം കാക്കകൾ തൻെറ ആനപ്പുറത്ത് മഹായോഗം നടത്തുന്നു. അതെല്ലാംകൂടി ആനയുടെ പുറം കൊത്തി കുളംതോണ്ടുകയായിരിക്കുമെന്നു കരുതി കാരണവർ ഒരു കല്ലെടുത്ത് ഒരേറ്. കാക്കകൾ എല്ലാംകൂടി ചിറകു വിടത്തി പറക്കാനുംതുടങ്ങി. കാക്കകളുടെ കാലിൽ ഒട്ടിപ്പിടിച്ച് ആന തൂങ്ങി കിടക്കുന്നു. എന്തുചെയ്യും? കാക്കകൾ പറന്നുയന്ന് ഒടുവിൽ മേഘമാർഗ്ഗവും കടന്നു. അവിടെ എത്തിയപ്പോൾ സൂൎയ്യൻെറ ചൂടേററ് ആനയുടെ പുറത്തു പുരണ്ടിരുന്ന കറ ഉരുകി. അതു് ഉരുകിയപ്പോൾ എന്തുണ്ടായി? പൊത്തൊ എന്ന് ഇതാ കിടക്കുന്നു നമ്മുടെ വെള്ളാന. അതു് വീണതെവിടേന്നൊ? പപ്പുപിള്ളയുടെ വീട്ടുമുററത്ത്! പറമ്പിൽ ഉണങ്ങാനിട്ടിരുന്ന പയറിൽ — ആന വന്നുവീണപ്പോൾ അതിലുണ്ടായിരുന്ന പയറൊക്കെ അങ്ങ് ചതുങ്ങിപ്പരന്നുപോയി. അങ്ങിനെ പരന്ന പയറാണ് ഇപ്പോൾ നാം ഉപയോഗിക്കുന്ന മുതിര.

# 10 കാശിക്കു് പോയവർ

പണ്ടു് ഒരു കമ്പക്കെട്ടുകാരനുണ്ടായിരുന്നു. അയാളുടെ വീട്ടിൽ ഒരു ആട്ടുമുണ്ടായിരുന്നു. ഒരു ചെമ്മരിയാട്ട്. അതായതു് താടിയുള്ള ഒരു വർഗ്ഗം. കതിനാവെടി, കുരവപ്പൂ, മത്താപ്പു്, എലിവാണം, കുടച്ചക്രം തുടങ്ങിയ കരിമരുന്നുപ്രയോഗങ്ങൾ കണ്ടും, കേട്ടും, ആടിന് ഇരിക്കപ്പൊറുതിയില്ലാതായി. ജീവിതം വെറുത്തു് എവിടെയെങ്കിലും അങ്ങു് പോയാൽ മതിയെന്നായി. കാശിക്കു് ആയാൽ മോക്ഷവും കിട്ടുമെന്നു പറയുന്നതു് കേട്ടിട്ടുണ്ടു്. എന്തിന്, രണ്ടും നിശ്ചയിച്ചുകൊണ്ടു് ഒരുദിവസം സന്ധ്യ കഴിഞ്ഞപ്പോൾ ആരുമറിയാതെ തൊഴുത്തിൽനിന്നു് പുറത്തിറങ്ങി. ആടു് നടന്നതു് നേരെ വടക്കോട്ടാണു്. കുറെ ദിവസം നടന്നപ്പോൾ ആടു് ഒരു പ്രഭാതത്തിൽ ഒരു വലിയ കാട്ടിലെത്തി. കാടെന്നുവച്ചാൽ കൊടുംകാടു്. ഇവിടെ പാ

ന്നുകൾ വള്ളികൾപോലെ മരത്തിലൊക്കെ തൂങ്ങിക്കിടക്കുക യാണ്. വററൽ വറുത്ത് കുളത്തിൽ തട്ടിയതുപോലെ യാണ് മുതലകൾ വെള്ളത്തിൽ കിടക്കുന്നത്. എവിടെ നോക്കിയാലും സിംഹവും, കരടിയും, കടുവായും, കടമാനും തന്നെ.

ആ ഇടയ്ക്കാണ് ഒരു ഭയങ്കരൻ സിംഹം നാലഞ്ചു ദിവസങ്ങളായി ആഹാരം കിട്ടാതെ വലഞ്ഞത്. ആഹാര മില്ലാതെയായപ്പോൾ അലർച്ചതന്നെ. അലർച്ചകൊണ്ട് ആകെ ചെവികേൾക്കേണ്ട – എന്തിനധികം – നടന്ന്, നട ന്ന് സിംഹം ഒരു തിരിവു തിരിഞ്ഞതും, നമ്മുടെ ഊശാൻ താടിക്കാരി ചെമ്മരിയാട് മുമ്പിൽ വന്നു ചാടിയതും ഒന്നി ച്ചുകഴിഞ്ഞു. സിംഹം ഗൗരവത്തിൽ തൻെറ പ്രജയെ ഒന്നു നോക്കി. ചെമ്മരിയാടും വിട്ടില്ല. ചെറുതായി ചവ ച്ചുകൊണ്ട് ഏറുകണ്ണിട്ട് അവളും കൊടുത്തു ഒരു നോട്ടം. ആ നോട്ടം കണ്ടപ്പോൾ നമ്മുടെ സിംഹത്തിന് ഒരു സംശ യം. സാധാരണ ആടൊന്നുമല്ലെന്നാണ് തോന്നുന്നത് – ഇതിന് അല്പം താടിയും കാണുന്നുണ്ട്. ഏതായാലും ആ രാണെന്ന് തീർച്ചയാക്കിയിട്ട് ശാപ്പിട്ടുകളയാമെന്നു വിചാ രിച്ചുകൊണ്ട് സിംഹം ഗൗരവത്തിൽ ചോദിച്ചു:

"എന്താടെ താടി വളർത്തിയിരിക്കുന്നതു?"

ചെമ്മരി ഒന്നു ഞെട്ടിയെങ്കിലും ധൈര്യം വിട്ടില്ല. "താടി എടുക്കണമെന്നുണ്ട്. പക്ഷെ".... "പക്ഷെ" എന്നാ യി സിംഹം.

"പക്ഷെ.... ....ഇതൊരു ദീക്ഷയാണ്. ഇരുപത്തി മൂന്നു പുലിയെത്തിന്നു, പന്ത്രണ്ട് കരടിയെ തിന്നു, ഒമ്പതു്

കിടാക്കളെ തിന്നു, ഇനി ഒരു സിംഹത്തിനെക്കൂടി ശാപ്പിടണം. താടിയും എടുക്കണം—ഇതാണു് വ്രതം. സിംഹം എന്നു പറയുന്ന രൂപം എങ്ങിനെ ഇരിക്കും?" ഇത്രയും കേൾക്കാത്ത താമസം സിംഹം വാൽ കമ്പിപോലെ ആക്കി വാണംപോലെ കാട്ടിനകത്തേയ്ക്കു് ഒരൊററ ഓട്ടം - നമ്മുടെ ചെമ്മരി അതു കണ്ടുകൊണ്ടു് ചെറുതായൊന്നു് മന്ദഹസിച്ചു. അപ്പോൾ കേൾക്കാം അകലെ "ഭേഷ് ഭേഷ്" ഒരു ശബ്ദം. ചെമ്മരി അങ്ങോട്ടൊന്നു നോക്കി—വെഞ്ചാമരംപോലെ ഒരു സാധനം ചാഞ്ഞു് ആടുന്നു. അതെന്തെന്നറിയാമോ? ഒരു ഊളൻെറ വാൽ. അവൻ അതു് അല്പമൊന്നുയർത്തിപിടിച്ചുകൊണ്ടു് നിൽക്കുകയായിരുന്നു. "ചെമ്മരിയണ്ണാ! കണ്ണക്കിനു പററി - എന്തൊരു ബുദ്ധി?" ചെമ്മരി അതുകേട്ടു് രണ്ടുമൂന്നു് ചവ. ഊളൻ അടുത്തുവന്നു പറഞ്ഞു "എനിക്കൊരു കാര്യം ചോദിക്കണമെന്നുണ്ടു്." "ചോദിക്കൂ, ചോദിക്കൂ." ചെമ്മരി അയവിറക്കികൊണ്ടു് പറഞ്ഞു. "ഞാൻ കാശിക്കു പോകാൻ ഇറങ്ങിയതാ - അവിടെ പോകുമ്പോൾ എന്തൊക്കെ കൊണ്ടുപോകാം?" ഊളൻ പറഞ്ഞു. "കാശിയിൽ പോകുമ്പോൾ എന്തും കൊണ്ടുപോകാം. പ്രത്യേകിച്ചു വേണ്ടതു് ഒരു ചെണ്ടയാണു്." "ഓഹോ ചെണ്ട അത്യാവശ്യമാണൊ?" "അതെ, അതില്ലാത്തതുകൊണ്ടു മാത്രമാണു് ഞാൻ ഇതുവരെ കാശിക്കു് പോകാതിരിക്കുന്നതു്."

"അതു് എവിടെ കിട്ടും അണ്ണാ!?" ഇവിടെനിന്നു് തെക്കോട്ടു പോയാൽ ഒരു പുലയക്കുടിയിൽ എത്തും. അവിടത്തെ വടക്കെ അററത്തുള്ള കുടിലിൻെറ തെക്കെ മൂലയിൽ ഒരു ചെണ്ട ഇരിപ്പുണ്ടു്. അതു് എടുത്തുകൊണ്ടുവരാ

മെങ്കിൽ ഞാൻകൂടി വരാം കാശീക്ക്"— "ശരി-ഇതാ കൊണ്ടുവന്നേക്കാം" എന്നു പറഞ്ഞ് ഉൗളൻ പോയി. ചെമ്മരി അടുത്തുള്ള നല്ല തളിരു് തിന്നാനും തുടങ്ങി. നേരം സന്ധ്യയാകാറായപ്പോഠം ഉൗളൻ ചെണ്ടയുമായി തിരിച്ചെത്തി. അവർ രണ്ടുപേരുംകൂടി കാശീക്ക് നടന്നുതുടങ്ങി. കുറച്ചു ദൂരം പോയപ്പോഠം കേഠംക്കാം കാട്ടിനകത്തു് ഒരു പൊട്ടിച്ചിരി. ഉൗളൻ ഒന്നു നോക്കിയിട്ട് ചോദിച്ചു "ആരാണെടാ ചിരിക്കുന്നതു്?" "ഞാൻതന്നെ മുഠംകുമാരൻനായർ." "ഓഹോ – മുള്ളനൊ?" "എന്തെല്ലാമാ മുഠംക്കുമാരൻനായരെ വിശേഷം?"

"ഒന്നുമില്ല – എനിക്ക് കാശിവരെ പോകണമെന്ന് ഒരാശയുണ്ടു്."

"ഭേഷ് – വാ." അവർ മൂന്നുപേരുംകൂടി ഒരുമിച്ച് യാത്രയായി. കുറെനേരം നടന്നപ്പോഠം കേഠംക്കാം – തോടിൻെറ കരയിലെ വള്ളിക്കെട്ടിൽ ഒരു കീത്തനശ്ലോകം – "ആരതു്?" ഈ പ്രാവശ്യം മുഠംക്കുമാരൻനായരാണ് ചോദിച്ചതു്.

"അല്ലാ, ആമസ്വാമിയൊ?" "വരണം സ്വാമി, കാശീക്കു പോകാം?" ഉൗളൻ ക്ഷണിച്ചു. ഈയാളുടെകൂടെ കാശീക്കു പുറപ്പെട്ടാൽ അടുത്തകാലത്തെങ്ങും കാശിയിൽ എത്തുകയില്ല. ചെമ്മരി പറഞ്ഞു "ഞാൻ അല്പം വേഗം നടക്കുന്ന സ്വഭാവക്കാരനാ." ഉൗളൻ പറഞ്ഞു – എങ്കിലും തോടാനന്ദനെക്കൂടി അവർ കാശീക്ക് കൊണ്ടുപോകാൻ തീരുമാനിച്ചു. എല്ലാവരും ഒരുമിച്ച് യാത്രതുടങ്ങി. നടന്ന്, നടന്ന് എല്ലാവരും ക്ഷീണിച്ചു. അടുത്തെങ്ങാനും വിശ്രമ

ത്തിന്നു് ഒരു സ്ഥലം കിട്ടിയിരുന്നെങ്കിൽ എന്നു് അവർ വി ചാരിച്ചു് തേടി, തേടി നടന്നപ്പോൾ ഒരു ഗുഹ കണ്ടു. അ വിടെത്തന്നെ ആക്കിക്കളയാം താവളം എന്നു് തീർച്ചയാ ക്കി. അതിനകത്തു് അവർ കടന്നു. ഓരോരുത്തരും അവ രവരുടെ രീതിയിൽ കിടന്നും, ഇരുന്നും വിശ്രമിച്ചുതുടങ്ങി. കു റച്ചു നേരമായി. അപ്പോൾ കേൾക്കാം വെളിയിൽ ഒരു കാ ലൊച്ച. ആ ഗുഹയിലെ താമസക്കാരനായ കടുവായുടെ വ രവാണു്. കടുവാ പുറത്തു വന്നപ്പോൾതന്നെ അകത്തു് ആ രോ ഉണ്ടെന്നു മനസ്സിലാക്കി. ആരെന്നറിയാതെ എങ്ങിനെ അകത്തേയ്ക്കു ചെല്ലും. പുറത്തു നിന്നുകൊണ്ടു് കടുവാ ചോ ദിച്ചു. "അകത്തു് ആരെടാ?" ഊളൻ വിട്ടില്ല-ശബ്ദം വള രെ അടക്കിക്കൊണ്ടു ചോദിച്ചു-"പുറത്താരെടാ" എന്നു് — പുറത്തു് ഒന്നാംതരം കടുവാ — കടുവായ്ക്കു് കോപം വന്നു എങ്കിൽ അകത്തു് കലർപ്പില്ലാത്ത കിടുവാ — അതുകേട്ട പ്പോൾ കടുവാക്കു് ഒരു പരിഭ്രമം. കിടുവാ എന്നൊരു ജന്തുവിനെക്കുറിച്ചു് ഇതുവരെ കേട്ടിട്ടില്ല. അതു് കുറച്ചു നേരം മിണ്ടാതിരുന്നു് ആലോചിച്ചു. ഒരു യുക്തി തോന്നി യിട്ടു് അതു ചോദിച്ചു, "ശരി, കിടുവായൊ? നിൻെറ രോ മം എങ്ങിനെയിരിക്കും?" "അതു കാണിക്കാം" — ചെമ്മ രിയാണു് മറുപടി പറഞ്ഞതു്. എന്നിട്ടു് ഊളനോടു് മുരം കുമാരൻെറ ഒരു മുള്ളു പറിച്ചെടുത്തു് പുറത്തേക്കിടാൻ പതു ക്കെ പറഞ്ഞു. "ദാ - ഇതുപോലെയാണു്." കടുവാ ഒന്നുഞെട്ടി. തൻെറ മൂക്കിന്നു ചുററുമുള്ള മുശിമീശപോലും അതിൻെറ അടുത്തു് എത്തുകയില്ല. എങ്കിലും വാശിവിടാ തെ കടുവാ വീണ്ടും പറഞ്ഞു — "നിൻെറ രോമത്തിൻെറ ഇ ടയിലെ ഒരു ഉണ്ണിയെ കാണട്ടെ". അപ്പോൾ ഊളനാണു്

ഉപായം തോന്നിയതു് – ശ്രീ. ശോടാനന്ദനെ പുറത്തേയ്ക്ക് എടുത്തൊരേറു്. ആമ ഷുടപടധിനി എന്നു ചെന്നു് കടുവാ യുടെ മുൻപിൽ വീണു. വീണപ്പോൾ തല അകത്തേയ്ക്കു വലിയ്ക്കുകയും ചെയ്തു. കടുവാ രണ്ടുതവണ ഞെട്ടി. ഇനി പരീക്ഷിച്ചിട്ടു കാര്യമില്ല. കടുവാ കുറേശ്ശ വിറച്ചുകൊണ്ടു ചോദിച്ചു – കിടുവാച്ചേട്ടൻെറ ചിരി എങ്ങിനെയിരിക്കും? ഇതാ കേട്ടോളു എന്നു പറഞ്ഞു് ചെമ്മരിയും ഊളനുംകൂടി ചെണ്ട എടുത്തു കൊട്ടി. ചെണ്ടകൊട്ടു് തിരുതകൃതിയായി. ഭയങ്കരനായ കടുവാ വാൽ താഴ്ത്തിവളച്ചു് അടിവയററിൽ ഒട്ടിച്ചുകൊണ്ടു് ഒരുഒററ പോക്കു്. പിന്നീടു് ഇന്നുവരെ കടുവാ, ആ ഗുഹയിലേയ്ക്കു് ചെന്നിട്ടില്ല.

പിറെറന്നു്, നേരംവെളുത്തു – നല്ല ഒരു ഉറവയുടെ അടുത്താണു് ആ ഗുഹ. വെള്ളത്തിനും തീററിക്കും ഒരു ക്ഷാമവുമില്ലാത്ത സ്ഥലം. അതൊക്കെ കണ്ടപ്പോൾ കൂട്ടുകാർ എല്ലാംകൂടി തീരുമാനിച്ചു കാശിക്കു് പോകേണ്ടാ എന്നു് – കാശിക്കു് പോയാലുള്ള സുഖം ഇവിടെ കിട്ടുമെങ്കിൽ എന്തിനാണു് അവിടെവരെ നടന്നു ബുദ്ധിമുട്ടുന്നതു്.

# 11. തുപ്പം, അടിയും

പണ്ട്, പണ്ട് തച്ചുശാസ്ത്രത്തിൽ വലിയ അറിവുള്ള ഒരു ആശാരിയുണ്ടായിരുന്നു. പെരുന്തച്ചൻ എന്നാണു് അയാളെ ആളുകൾ വിളിച്ചുവന്നിരുന്നതു്. മരപ്പണിയിൽ അയാൾക്കു് ചെയ്യാവുന്ന കാര്യങ്ങൾക്കു് എണ്ണം ഇല്ലായിരുന്നു. അയാളുടെ പണിയുടെ മെച്ചംകൊണ്ടു് ഒരു തവളയുടെ രൂപം അയാൾ പണിതെടുത്താൽ പണി തീരുമ്പോൾ അതു് ചാടിച്ചാടി നടന്നു കളയും. അത്രയ്ക്കുണ്ടു് പെരുന്തച്ചന്റെ സാമത്ഥ്യം. തന്നോക്കാൾ മിടുക്കൻ ആരും ഇല്ലാത്തതിനാൽ അയാൾ നന്നെ അഹങ്കരിച്ചു. വികൃതി കാണിക്കാൻ അയാൾക്കു് വലിയ ഇഷ്ടമായിരുന്നു. എന്തു പണി പറഞ്ഞാലും അയാൾ അതിലൊരു വികൃതി എന്തെങ്കിലും കാണിച്ചിരിക്കും—തീർച്ച.

അങ്ങിനെ ഇരിക്കെ നമ്മുടെ പെരുന്തച്ചൻ ഒരു വലിയ പാലത്തിന്റെ പണി ആരംഭിച്ചു. വലിയ ഒരു

മരപ്പാലം. മുഴുവൻ തടിയിലാണ്. ഒരു അല്പംപോലും ഇരുമ്പില്ല. ഒരു കൊല്ലത്തിനകം പാലത്തിൻെറ പണി തീർന്നു. നല്ല വലിയ പാലം. ആരും അതുകൊണ്ട് അത്ഭുതപ്പെട്ടുപോകും. ഒരു അഞ്ച് ആനകൾ ഒന്നിച്ചു നടന്നു പോയാലും ഒരനക്കംപോലും ഇല്ല. അതിൻെറ തൂണിലും കൈപിടിയിലും നല്ല വിചിത്രവേലകളും ഉണ്ട്—പക്ഷെ, ഇതൊന്നുമല്ലാ പാലത്തിൻെറ വിശേഷം. ഏററവും രസമുള്ളതു് വേറൊന്നാണ്. പെരുന്തച്ചൻെറ ഒരു സൂത്രപ്പണി. ഒരാളു് പാലത്തിൽക്കൂടി നടന്നു പോകുമ്പോൾ പാലത്തിൻെറ നടുക്ക് എത്തുന്നു. അവിടെ ഒരു പലകയുണ്ട്. അതിൽ ചവുട്ടാതെ ആർക്കും കടന്നുപോകാൻ സാദ്ധ്യമല്ല. അതിൽ ചവുട്ടിയാലൊ, അതാണ് നേരമ്പോക്ക്. വഴുതി വീഴുകയുമല്ല, കാലിൽ എന്തെങ്കിലും കൊള്ളുകയുമല്ല. പിന്നെയോ, അതാണ് തമാശ. ആ പലകയിൽ കാലെടുത്തു വച്ചാൽ ആ നിമിഷം മരം കൊണ്ടുള്ള ഒരു പാവ താഴെയുള്ള ആററിലെ വെള്ളത്തിൽ ചെന്ന് മുങ്ങി ഒരു കവിൾ വെള്ളവുംകൊണ്ടു പൊങ്ങിവന്ന് ആ പലകയിൽ ചവുട്ടിയ ആളിൻെറ മുമ്പിൽ വന്നുനിന്ന് ഫൂ എന്നൊരു തുപ്പു്. വായിലെ വെള്ളം മുഴുവൻ അയാളുടെ ശരീരത്തിൽ. വെള്ളത്തിൽ മുങ്ങുന്നതും, പൊങ്ങുന്നതും തുപ്പുന്നതുമൊക്കെ ഒന്നിച്ചുനടക്കും. ഒരു കുളി കഴിയാതെ ആർക്കും പാലം കടക്കാൻ വയ്യെന്നായി. ആരും നല്ല വേഷമിട്ടു് അവിടം കടന്ന് പോകയില്ല. അഥവാ പോകുന്നെങ്കിലും നല്ല മുണ്ടു് പൊതിഞ്ഞു് കൈയിൽ വച്ചിരിക്കും—പാലം കഴിയുമ്പോൾ അതെടുത്തു് ഉടുത്തുകൊണ്ടു് പൊയ്ക്കൊള്ളും. എന്തിന്—നാട്ടുകാരെല്ലാം പാവയുടെ തുപ്പുകൊണ്ടു് വിഷ

മിച്ചു. പെരുന്തച്ചനെ എല്ലാവരും ശകാരിച്ചു തുടങ്ങി. അങ്ങിനെയിരിക്കുമ്പോൾ കുടവയറും, ഓലക്കുടയും, പാളവിശറിയും ഉള്ള ഒരു നമ്പൂതിരി ആ പാലത്തിൽക്കൂടി കടക്കാൻ വന്നു കയറി. നേരെ നടന്ന് നടുക്കെത്തി. എല്ലാവരേയും പോലെ നമ്പൂതിരിയും നടുപലകയിൽ ചവുട്ടി. പതിവുപോലെ പാവ വെള്ളത്തിൽ മുങ്ങി, പൊങ്ങി, നമ്പൂതിരിയുടെ മുഖത്തുതന്നെ ഒരു തുപ്പും കൊടുത്തു. നരച്ച മീശയിൽക്കൂടി വെള്ളം ഇററിററു വീണു. നമ്പൂതിരിക്ക് അരിശം കയറി. "ഛെ, ഏഭ്യൻ. പെരുന്തച്ചൻെറ വേലയാ.... നോം ഒരു പാഠം പഠിപ്പിക്കാതിരിക്യോ—ഏയ്"—എന്നു പറഞ്ഞു് പെരുന്തച്ചൻെറ വീട്ടിലേയ്ക്കു് തിരിഞ്ഞു നടന്നു. പെരുന്തച്ചൻെറ വീടൊട്ടറിയുകയുമില്ല—വഴി ചോദിച്ചപ്പോൾ പെരുന്തച്ചൻെറ മകൻ താമസിക്കുന്ന വീട്ആരൊ കാണിച്ചുകൊടുത്തു. ചെന്ന ചെല്ലുവിന് അവിടെ ആരൊ ഇരുന്ന് പണിയുന്നതാണ് കണ്ടതു്. നമ്പൂതിരി അയാളെ വിളിച്ചു. "യ്യേ—അതാരാ?—ഇവിടെ......നോം വിളിക്യാ—പാലത്തിലെ പാവ പണിഞ്ഞ പെരുന്തച്ചൻ എവിടെ? നമുക്കൊന്ന് ചോദിച്ചിട്ടുതന്നെ കാര്യം?" "എന്താ തമ്പുരാനെ കാര്യം?"

"ആ പാവ അവിടുന്ന് മാറേപാ?". "ഇല്ല്യെങ്കിൽ..... നമ്പൂതിരി കയ്യുയർത്തി—" "അയ്യോ, ശപിക്കല്ലെ. മാററാമേ". അതിനെന്താ വിഷമം—അതു് മാററാതെ അതിനെ തോല്പിക്കയല്ലെ നല്ലതു്—അതു മതി. നമ്പൂതിരി സമ്മതിച്ചു. അതിനെന്താ സൂത്രം. കൊച്ചുതച്ചൻ എല്ലാം വിസ്തരിച്ചു പറഞ്ഞു: അതിവിക്രമനാണു് അവൻ. പെരുന്തച്ചൻെറ മകനല്ലെ ആള് —നമ്പൂതിരിക്കു് സന്തോഷമാ

യി. മകൻ തച്ചൻ പണിയും തുടങ്ങി. രാത്രികൊണ്ടു് പണിയും തീർന്നു. നേരം പ്രഭാതമായപ്പോൾ പാലത്തിൽ കൊണ്ടുചെന്നു് അതു് ഉറപ്പിച്ചു കഴിഞ്ഞു. ആ സൂത്രമെന്താണെന്നു് പറയാം.

പലകയിൽ ചവുട്ടുമ്പോൾ വായിൽ വെള്ളവും, നിറച്ചുകൊണ്ടു് തുപ്പാനായിട്ടു് പാവ ഉയർന്നു് മുമ്പിലെത്തുമ്പോൾ അതിനോടൊപ്പം വേറൊരു പാവയും പൊങ്ങിവരും. പെരുന്തച്ചന്റെ പാവ തുപ്പാൻ തുടങ്ങുമ്പോൾ മകൻ തച്ചന്റെ പാവ കൊട്ടക്കും ചെകിട്ടത്തു് ഠേ എന്നൊരടി. അടി കൊള്ളുമ്പോൾ പാവയുടെ മുഖവും തിരിയും. തുപ്പുന്ന വെള്ളം ഒരു വശത്തേയ്ക്കു് അങ്ങു് പോകുകയും ചെയ്യും. അങ്ങിനെ പെരുന്തച്ചന്റെ പാവയ്ക്കു് അടി കിട്ടുന്നതുമാത്രം മിച്ചമായി. ആളുകൾക്കു് പാലത്തിൽ കൂടി ഒരു വിഷമവുമില്ലാതെ കടന്നു പോകാമെന്നുമായി.

## 12. ആനക്കാരി

പണ്ട് ഒരു രാജ്യത്ത് വിനോദം ഇഷ്ടമുള്ള ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന് നായാട്ടിൽ വളരെ ഉത്സാഹമാണ് — കുതിര, ഒട്ടകം എന്നുവേണ്ട ആനകൾ വരെയുള്ള സകല ജന്തുക്കളും, അദ്ദേഹത്തിൻെറ ലായത്തിലുണ്ട് വേട്ടയാടാൻ സൌകര്യമില്ലാത്ത സമയത്ത് അദ്ദേഹം ആ മൃഗങ്ങളെ ഓരോതരം പോരിൽ ഏർപ്പെടുത്തി സന്തോഷിക്കുക പതിവാണ്. അന്നൊരിക്കൽ തൻെറ ആനലായത്തിലെ വലിയ കൊമ്പനെ കൊണ്ടുവരട്ടെ എന്ന് അദ്ദേഹം ഉത്തരവിട്ടു. ആനക്കാരൻ ആനയെ കൊണ്ടുവന്നു. എല്ലാവരും മൈതാനത്തിൽ വരട്ടെ എന്നായി അടുത്ത ഉത്തരവ്. ആർക്കും കാര്യമെന്താണെന്ന് മനസ്സിലായില്ല. രാജാവിൻെറ ആജ്ഞയല്ലേ, അനുസരിക്കാതൊക്കുമോ?

എല്ലാവരും മൈതാനത്തിലെത്തി. നമുക്ക് ഇന്ന് ആനപ്പോർ കാണണം. അതിനാണ് നാം ഇവിടെ എഴുന്നെള്ളിയിരിക്കുന്നത്. രാജാവ് പ്രഖ്യാപിച്ചു.

വലിയ കൊമ്പനും, ആനക്കാരനുംകൂടി മൈതാനത്തിന്റെ നടുക്കോട്ട് നീങ്ങി. ആനപ്പോര് തുടങ്ങി. ആനയ്ക്ക് ഒരു വല്ലായ്മ. ഒരു ചുണയില്ല—എന്തൊ ഒരു പന്തികേട്. അടിയും, ഇടിയും കൊടുത്തിട്ടും അവന് ഒരു രസവും ഇല്ല. ആനക്കാരൻ രാമന് ദേഷ്യം വന്നു തുടങ്ങി. രാജാവ് എഴുന്നെള്ളിയിരിക്കുമ്പോൾ പോര് കേമമായില്ലെങ്കിൽ ചിലപ്പോൾ തന്റെ തല വീശാൻ ഉത്തരവുണ്ടാകും. ആനയെ ഉത്സാഹപ്പെടുത്താൻ പഠിച്ചപണി പതിനെട്ടും നോക്കിയിട്ടു, ഫലമില്ല. അങ്ങോട്ടും ഇങ്ങോട്ടും നോക്കാതെ വലിയ കൊമ്പന്റെ മർമ്മം നോക്കി കൊടുത്തു ഒരു കുത്ത്. വലിയകൊമ്പൻ വേദനകൊണ്ട് നീട്ടിയൊരു വിളി. അവന്റെ വിളികേട്ട് പോര് കാണാൻ കൂടിയിരുന്നവരൊക്കെ ഞെട്ടിപ്പോയി.

എന്തു കഷ്ടം!... ആന രാമനെ നിലത്തു തള്ളിയിട്ട് നീണ്ട കൊമ്പുകൊണ്ട് കുത്തിക്കീറി കഴിഞ്ഞു. ആളുകൾ ഭയന്ന് എന്തു ചെയ്യണമെന്നറിയാതെ നില്ക്കുന്നു. താഴെ രക്തത്തിൽ കിടന്ന് പിടയുന്ന രാമനെ ചവിട്ടി മെതിയ്ക്കാൻ വലിയ കൊമ്പൻ കാലുയർത്തി. അപ്പോൾ അത്ഭുതമെന്നല്ലേ പറയേണ്ടു. അതാ, ഒരു പാവപ്പെട്ട സ്ത്രീ അങ്ങോട്ടു ചെല്ലുന്നു; ആനയുടെ മുമ്പിലേയ്ക്ക്, ഒരു കൊച്ചുകുഞ്ഞിനേയുംകൊണ്ട്. രാമനെ ചവിട്ടിപ്പൊടിക്കാൻ കാലുയർത്തിയതും, ആ സ്ത്രീ അവിടെ എത്തിയതും ഒന്നിച്ചുകഴി

ഞ്ഞു. "നിത്തെടാ —" ആ സ്ത്രീ പരുഷമായി പറഞ്ഞു: ദുഃഖത്തേക്കാഠം കൂടുതൽ കോപമായിരുന്നു അവർക്കുണ്ടായിരുന്നത്. "മഹാപാപീ! ഈ കൊച്ചിനേം എന്നേം കൂടെ കൊന്നേര് —നിനക്ക് തൃപ്തിയാകട്ടെ— ഞാനും, എൻെറ കൊച്ചും ഗതിയില്ലാതായി." അത്ഭുതംകൊണ്ട് ആളുകഠം മിണ്ടാതെ നിന്നു. എന്താണ് അടുത്തതായിട്ട് നടക്കാൻ പോകുന്നത്! ആനയ്ക്ക് വല്ല വിവേകവുമുണ്ടോ? അത് ഇപ്പോഠം അവരേയും കൊല്ലും. ആളുകഠം നിശ്ശബ്ദരായി.

ആനയുടെ ഭാവം അകപ്പാടെ മാറി. രാമൻെറ ശരീരത്തിനടുത്തു നിന്ന് അവൻ നീങ്ങിനിന്നു - പാവം സ്ത്രീ, അവളുടെ ഭത്താവിൻെറ അടുക്കലിരുന്ന് കരയാൻ തുടങ്ങി. കൈയിലിരുന്ന കുട്ടിയെ അവർ പൊടിമണലിൽ ഇരുത്തിയിട്ട് ഭത്താവിൻെറ ശരീരത്തിൽ കമഴ്ന്നുകിടന്ന് അവഠം കരഞ്ഞുതുടങ്ങി. പാവം കുട്ടി! അതിന് കാര്യമൊന്നും മനസ്സിലായില്ല. അത് മുട്ടുകാലിൽ നടന്ന്, നടന്ന് മണ്ണു വാരി കളിച്ച് കളിച്ച് ആനയുടെ അടുത്തെത്തി. അനങ്ങാതെ തുമ്പിക്കൈ മണ്ണിൽ ഉറപ്പിച്ചു നിന്നിരുന്ന ആനയുടെ തുമ്പിക്കൈയ്യിൽ പിടിച്ച് ആ കുട്ടി കളിക്കുകയാണ്.

ആളുകഠം അത്ഭുതപ്പെട്ടു. അപരാധബോധംകൊണ്ട് ആന അവിടെ ദുഃഖിച്ചുനിന്നു. അവൻെറ കണ്ണുകളിൽനിന്ന് കണ്ണുനീർ ഒഴുകുന്നത് കാണികഠം കണ്ടു.

രാജാവ് എഴുന്നേററ് പറഞ്ഞു. "വലിയകൊമ്പാ! നിൻെറ കളി കടന്നുപോയി. ഇത്ര കഠിനമായ പാപം ചെ

യ്യേണ്ടതില്ലായിരുന്നു. നിനക്ക് നാണമില്ലേ?" അതുകേട്ട് ആനയ്ക്ക് അടക്കാൻമേലാത്ത വേദനതോന്നി. അവൻ തുമ്പിക്കൈ കമ്പിട്ടുകൊണ്ട് അവിടെനിന്നു. "ഇന്നുമുതൽ ഈ ഗതിയില്ലാത്ത സ്ത്രീ നിന്റെ ആനക്കാരി." ആനയ്ക്ക് കാര്യം മനസ്സിലായി. ഇന്നും ആ സ്ത്രീയെ അനുസരിച്ചാണ് ആ വലിയകൊമ്പൻ ജോലി ചെയ്യുന്നത്.

# 13. ലോകത്തിലേയ്ക്കു് ഏററവും വലിയവൻ

വണ്ടു്, പണ്ടു് നടന്ന ഒരു കഥയാണു്. അമ്പലത്ത നംകുടുംബത്തിലെ അറപ്പുരയ്ക്കകത്തു് ഒരു എലി കുടുംബസ മേതം സുഖമായി താമസിച്ചിരുന്നു. ശീലാവതി അമ്മൂമ്മേ ടെ മടിയിലും കയറിക്കിടന്നുറങ്ങുന്ന മ്യാവൂ ചക്കിപ്പൂച്ചയെ യല്ലാതെ അവക്ക് മററാരേയും ലോകത്തിൽ ഭയമുണ്ടായിരു ന്നില്ല. ആഹാരത്തിനു് ആവശ്യമായതെല്ലാം അറപ്പുരയിൽ നിന്നുതന്നെ കിട്ടിക്കൊണ്ടിരുന്നു. അക്കനെലി വളരെ മിടു ക്കിയാണു്. മക്കളോടൊക്കെ വലിയ സ്നേഹവും ഉണ്ടു്.

കാലം കുറെ ചെന്നപ്പോൾ ആ എലികുടുംബത്തിലെ ഏക പെൺസന്താനമായ എലിക്കുട്ടിക്കു് പ്രായമായി, ക ല്യാണം കഴിക്കാൻ – ഒരു വരനെ കണ്ടുപിടിക്കണം – അ തിനൊരു വഴിയും ഇല്ല. ഏഴു് ആൺമക്കളും, ഒരൊററ

മകളുമാണ് അക്കനെലിക്കുള്ള മക്കൾ. എല്ലാവർക്കും അ വളെ വല്യ കാര്യമാണ്. ഓമനിച്ച്, ഓമനിച്ച് വളർത്തി വരികയുമാണ്. ഏഴ് സഹോദരന്മാരും, അച്ഛനമ്മമാരും കൂടെ ഒരു ദിവസം മകളെ വിവാഹം ചെയ്തുകൊടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചു. ആ ആലോചന നാലുദിവസം നീണ്ടുനിന്നു. ഒടുവിൽ എന്തുണ്ടായെന്നറിയാമൊ? പറയാം - ലോകത്തി ലേയ്ക്കും ഏററവും വലിയവനെകൊണ്ടുവേണം ആ എലിക്കു ട്ടിയെ വിവാഹം ചെയ്യിക്കാനെന്നു തീരുമാനിച്ചു. അങ്ങി നെയുള്ള ആളിനെ എങ്ങിനെ ആണ് കണ്ടുപിടിക്കുക?

ഒടുവിൽ അക്കനെലി പറഞ്ഞു, സൂര്യനാണ് ലോക ത്തിലേയ്ക്കും വലിയവൻ - അതുകൊണ്ട് നമുക്ക് സൂര്യനെ ക്കൊണ്ട് കുഞ്ഞിനെ വിവാഹം ചെയ്യിക്കണം. എല്ലാവ രും അതു സമ്മതിച്ചു. ഒരു ദിവസം രാവിലെ അവർ എട്ടും കൂടി സൂര്യനെ ചെന്നുകണ്ട് കാര്യംപറഞ്ഞു. പാവം - സൂ ര്യൻ, തൻെറ നിസ്സാരതയെക്കുറിച്ച് വിസ്തരിച്ചിട്ടു പറഞ്ഞു- "നിങ്ങൾക്കു തോന്നും, ഞാനാണ് ലോകത്തിൽവച്ച് വലി യവനെന്ന്-പക്ഷെ എന്റെ മൂലംപോലും കൂടെക്കൂടെ മറക്കു ന്ന ഒരാളുണ്ട്. ആരാണെന്നോ? മേഘം എന്നുപറയും- എന്നെക്കാൾ വലിയവൻ അയാൾ ആണ്- അതുകൊണ്ട് അയാളോടു പറയൂ നിങ്ങളുടെ എലിപ്പെണ്ണിനെ വിവാഹം ചെയ്യാൻ."

എലികളെല്ലാം ഇവിടന്നുതിരിച്ച് മേഘത്തിൻെറ വീ ട്ടിൽ എത്തി. അയാൾ അങ്ങിനെ മുററത്തു മലർന്നുകിടന്ന് വിശ്രമിക്കുന്ന സമയമാണ്. അതിഥികളെ കണ്ടപ്പോൾ അയാൾ നിവർന്നിരുന്നു. എലികൾ വന്ന കാര്യം പറഞ്ഞു.

കുറച്ചുനേരം മേഘം ഒന്നും പറഞ്ഞില്ല-എന്നിട്ട് ഒടുവിൽ തൻെറ കെൽപില്ലായ്മയെക്കുറിച്ചു് അറിയിച്ചു-"ഞാനാണെങ്കിൽ വലിയ ആളാണ്-ലോകത്തിൽ എവിടെയും സഞ്ചരിക്കും-ഏത്ര പർവ്വതത്തേയും കവിഞ്ഞു് ഉയന്നു നടക്കും-സൂര്യനെപ്പോലും മറച്ചുപിടിക്കും-പക്ഷെ എന്നെപ്പോലും നിസ്സാരനാക്കുന്ന ഒരാളുണ്ട്-കാററ്-അതുകൊണ്ട് അയാളോടു പറയൂ."

എലികളെല്ലാംകൂടി അവടന്നുതിരിച്ച് കാററിൻെറ തറവാട്ടിലെത്തി-വളരെ വിനയത്തോടെ നമസ്കരിച്ചു് വിവരം അറിയിച്ചു. കാറെറന്തു പറയണമെന്നറിയാതെ കുറച്ചുനേരം മിണ്ടാതെനിന്നു. ഒടുവിൽ പറഞ്ഞു, "നിങ്ങൾ പറഞ്ഞതുപോലെ ഞാൻ ഒരു വലിയവൻതന്നെ-പക്ഷെ എന്നെക്കാൾ വലിയ ഒരാളിനെ എനിക്കറിയാം. ആരാണെന്നോ? കായിക്കാട്ട്കരയിലെ അരയാലിൻെറ ചുവട്ടിൽ ഒരു ബിംബമുണ്ട്. ഞാൻ ആവുന്നതു വിചാരിച്ചാലും, എത്ര ആഞ്ഞു് അടിച്ചാലും അയാൾക്കൊരു കുലുക്കവുമില്ല-അതുകൊണ്ട് ആ ബിംബത്തെ കണ്ടാൻ ലോകത്തിലെ ഏററവും വലിയവനെക്കാണാം." എലികൾ അല്പം വിഷമിച്ചാണെങ്കിലും അവിടംവിട്ടു.

കായിക്കാട്ടുകരയിലെ അരയാലിൻെറ കീഴിൽ ഇരിക്കുന്ന ബിംബം അവർ ഇതിനുമുമ്പും കണ്ടിട്ടുള്ളതാണ്. പക്ഷെ അതു ലോകത്തിലേയ്ക്കു വലിയവനാണെന്ന് അവർക്കു തോന്നിയിട്ടില്ല. കാററു പറഞ്ഞതല്ലെ-അതുകൊണ്ട് ആ ബിംബത്തിൻെറ മുമ്പിൽചെന്നു് തൊഴുതുകൊണ്ട് കാര്യംപറഞ്ഞു. അതു കേട്ടപ്പോൾ ബിംബം പൊട്ടിച്ചിരിച്ചു. എന്നിട്ടു പറഞ്ഞു-"കാററ് പറഞ്ഞതു ശരിതന്നെ-പക്ഷെ

ഞാനല്ല ഏററവും വലിയവനെന്ന് എനിക്കനുഭവമുണ്ട്. എന്നെക്കാൾ എത്രയോ വലിയ മറെറാരുവൻ ഇവിടെത്തന്നെയുണ്ട്."

"അതാരാണ്?" എലികളെല്ലാംകൂടി ചോദിച്ചു. "എൻെറ അടിയിൽ തുരങ്കംവച്ച് അതിനകത്താണ് ആ മിടുക്കൻെറ താമസം-എൻെറ ഇരിപ്പിടത്തിൻെറ അടി തുരന്നു തുരന്ന് ഒരു ദിവസം അവൻ ഈ എന്നെയും മറിച്ചിടും. എനിക്ക് അതു തടയുന്നതിനൊരു കഴിവുമില്ല. ഞാൻ അവനെ വളരെ ഭയന്നിട്ടാണ് ഇവിടെ ഇരിക്കുന്നത്. അവനെ മാത്രമേ ലോകത്തിൽ എനിക്കു ഭയമുള്ളു."

അവരുടെ സംസാരം കേട്ടുകൊണ്ട് ഒരു ചെറുപ്പക്കാരൻ ചുണ്ടെലി ബിംബത്തിൻെറ അടിയിലെ മാളത്തിനു പുറത്തേയ്ക്കു മീശ കാണിച്ചുതുടങ്ങി. ബിംബം സംസാരിച്ചു കഴിഞ്ഞപ്പോൾ അവൻ പുറത്തുവന്നു. രണ്ടാഴ്ചക്കു മുൻപ് അവൻ അതേ എലിപ്പെണ്ണിനെ കല്യാണം കഴിക്കാനുള്ള ഒരാലോചനയുമായി അവരുടെ കുടുംബത്തിൽ ചെന്നതാണ്. അന്ന് അവർ അവനോട്ട് അതിനൊരു മറുപടി പോലും മിണ്ടിയില്ല. ഇപ്പോഴിതാ ലോകത്തിലേയ്ക്കുവലിയവൻ അവനാണെന്ന് എല്ലാവരും സമ്മതിക്കുന്നു. എന്തിന്! എല്ലാവരുംകൂടി അന്നുതന്നെ വിവാഹം നിശ്ചയിച്ചു.

എലിക്കുട്ടിയുടെ കല്യാണം പൊടിപൊടിക്കുകയും ചെയ്തു. ആ നാട്ടിലെങ്ങും അങ്ങിനെ ഒരു കല്യാണം നടന്നിട്ടില്ല. കാരണം എന്താണെന്നോ? ലോകത്തിലേയ്ക്ക് ഏററവും വലിയവനാണ് എലിക്കുട്ടിയുടെ ഭർത്താവ്.!!

(കൊറിയൻകഥ)

## 14. ധീരന്മാരെയാണു് വേണ്ടതു്

ഒരു രാജ്യത്തു് ഒരു രാജാവുണ്ടായിരുന്നു. ആ രാജാവിനു് മൂന്നു പുത്രന്മാരും. അവർ സുഖമായികഴിഞ്ഞു വന്നു. രാജാവിനു് വലിയ ഒരു വയൽ ഉണ്ടു്. അദ്ദേഹത്തിനു് ആവശ്യമുള്ള ധാന്യങ്ങൾ അതിൽനിന്നു കിട്ടിവന്നു. ഒരിക്കൽ വയലിലെ നെല്ലെല്ലാം പഴുത്തു കിടക്കുകയായിരുന്നു. രാജാവു് കൊയ്ത്തിനുമുൻപു് ചുററിനടന്നു് എല്ലാം പരിശോധിച്ചു. വിളഞ്ഞു് സ്വർണ്ണംപോലെയുള്ള നെന്മണിക്കതിരൊക്കെ തലചായിച്ചു് കുനിഞ്ഞുനിൽക്കുകയാണു്. ആരും ആ കാഴ്ച കണ്ടാൽ സന്തോഷിക്കും. ആ പാടം കാണ്മാൻ അത്ര മനോഹരമാണു്.

അടുത്ത ദിവസം ആ പാടത്തു് ഒരുമണി നെല്ലുപോലും കാണാനില്ലാതായി. പെട്ടെന്നു് അവ എങ്ങിനെയോ

മറന്നു. ആളുകൾ ആകെ അത്ഭുതപ്പെട്ടു. എന്താണു ചെയ്യുക! രാജാവ് വളരെ സങ്കടത്തിലായി. ഈ അക്രമം കാണിച്ചതാരാണ്? അയാളെ കണ്ടുപിടിക്കണം. പിടിക്കാതെ നിവൃത്തിയില്ല. അതിന് ആരെയാണു നിയമിക്കേണ്ടത്? വളരെ ആലോചിച്ചശേഷം അദ്ദേഹം മൂത്തമകനെത്തന്നെ ആയിക്കളയാമെന്നു നിശ്ചയിച്ചു.

രാത്രിയായപ്പോൾ മൂത്ത മകനെ അതിനായി പറഞ്ഞയച്ചു. പാടത്തിൻെറ കരയ്ക്ക് ഒരു കാവൽപുരവച്ച് കുമാരൻ അവിടെ കാവൽ കിടന്നു. കള്ളനെ കണ്ടുപിടിക്കുവാൻ രാജകുമാരൻ ഉറക്കമിളച്ച് കാത്തിരുന്നു. നേരം അർദ്ധരാത്രിയായി. എല്ലായിടത്തും നിശ്ശബ്ദത. മനുഷ്യരെല്ലാം ഉറക്കമായി. എങ്ങും ഒരു ശബ്ദവും കേൾക്കാനില്ല. രാത്രിയിൽ അലയ്ക്കുന്ന ചീവീടുകൾപോലും ഉറങ്ങിക്കഴിഞ്ഞു. രാജകുമാരനും കണ്ണടഞ്ഞടഞ്ഞു വരുന്നു. എങ്കിലും മൂച്ചുപിടിച്ച് ഇരിക്കുകയാണ് ഉറങ്ങാതെ. അങ്ങിനെ ഇരിക്കുമ്പോൾ അതാ ഒരു ശബ്ദം! എന്തൊരു ശബ്ദമാണത്—ഇത്രവലിയ ഭയം തോന്നിപ്പിക്കുന്ന ശബ്ദം രാജകുമാരൻ മുൻപ് കേട്ടിട്ടില്ല. അതെന്താണ്?

രാജകുമാരൻ പേടിച്ചു വിറച്ചു. എന്താണു ചെയ്യുക! കാവൽപ്പുരയുടെ ഉള്ളിലേക്ക് രാജകുമാരൻ വിറച്ചുവിറച്ച് കയറി. കതകടച്ചു. അയാൾ എപ്പോൾ ഉറങ്ങിയെന്നറിഞ്ഞില്ല. നേരംവെളുത്തു—രാജാവിൻെറ സേവകന്മാർ വന്ന് കതകിൽ തട്ടിവിളിച്ചപ്പോഴാണ് ഉണർന്നത്. രാജകുമാരൻ രാജസന്നിധിയിലെത്തി. രാജാവിനോട് നടന്ന വിവരങ്ങൾ അതുപടി പറഞ്ഞു. രാജാവ് ഒന്നും പറഞ്ഞില്ല.

അടുത്ത ദിവസം രണ്ടാമത്തെ മകനെയാണ് നിയോഗിച്ചത്. ആവശ്യമുള്ള ആയുധങ്ങളും മററും കൊടുത്താണ് അയാളെ കാവലിനയച്ചത്. കള്ളനെ പിടിക്കാതെ തിരിച്ചുവരികയില്ലായെന്ന് വാതു് പറഞ്ഞാണ രണ്ടാമൻ പോയത്. എന്നാൽ ചേട്ടനു പററിയ അനുഭവംതന്നെ അയാൾക്കും ഉണ്ടായി.

വിവരം അറിഞ്ഞപ്പോൾ രാജാവിന് വലിയ സങ്കടം ഉണ്ടായി. രാജാവിന്റെ സങ്കടം കണ്ടപ്പോൾ മൂന്നാമത്തെ മകന് സഹിക്കാൻ വഹിയാതെയായി. പാവം–ആ കുമാരൻ രാജാവിന്റെ മൻപിൽചെന്ന് കാവലിന് അയാളെ അയയ്ക്കണമെന്ന് വളരെ താഴ്മയായി അപേക്ഷിച്ചു. രാജാവ് എന്തുചെയ്യും? കൊച്ചുമകൻ-കൊട്ടാരംവിട്ട് വെളിയിൽ ഇറങ്ങിയിട്ടില്ലാത്ത കുട്ടി–അവനെ എങ്ങിനെ തനിച്ച് കാവലിനയക്കും? രാജാവ് അതു് അനുവദിച്ചില്ല. രാജകുമാരൻ നിരാശയായി-നിർബ്ബന്ധം പിടിച്ചു പറഞ്ഞുനോക്കി. ഇല്ല–രാജാവ് അതിനനുവദിക്കുന്ന ലക്ഷണമൊന്നുമില്ല-കുമാരൻ കരയാൻതുടങ്ങി. അപ്പോഴാണ് വയസൻ മന്ത്രി അതുവഴി വന്നതു്. രാജകുമാരന്റെ കരച്ചിൽ കണ്ടപ്പോൾ അയാളുടെ മനസ്സു വേദനിച്ചു. ഇത്ര ആത്മാർത്ഥതയുള്ള കുമാരനെ അതിനനുവദിക്കാതിരിക്കുന്നതു് തീർച്ചയായും കഷ്ടമായിരിക്കുമെന്നയാൾക്കു തോന്നി. അപ്രകാരം രാജാവിനോടു പറഞ്ഞു. നിർബ്ബന്ധിച്ച് ഒടുവിൽ രാജകുമാരന് കാവലിനു പോകാൻ അനുമതി കൊടുത്തു. കാവൽമാടത്തിൽ കൊച്ചുരാജകുമാരൻ കാവലിനിരിക്കുകയാണ് – പതിവുപോലെ നേരം ഇരുട്ടി - അർദ്ധരാത്രിയായി - എന്തെങ്കിലും കേൾക്കു

ണൊ എന്നു ശ്രദ്ധിച്ച് കുമാരൻ ഇരിക്കുന്നു. അപ്പോൾ അതാ പതിവുപോലെ ആ ഭയങ്കരശബ്ദം! രാജകുമാരന് അല്പം പേടിതോന്നി-എങ്കിലും അതു സാരമാക്കിയില്ല-അവൻ എഴുന്നേററു് ആ ശബ്ദംകേട്ട ദിക്കിലേയ്ക്കു പോയി. അവിടെ ചെന്നപ്പോൾ അതാ ഒരു കുതിര നിന്നു് നെല്ലു തിന്നുന്നു - ങേ! ഇത്ര ധിക്കാരമോ! എന്തും വരട്ടെ എന്നു ഉറച്ചുകൊണ്ടു് കുമാരൻ കുതിരയെ കേറി പിടികൂടി. പിടി വിടുവിക്കാൻ അതു് ആവുന്നതുപോലെ ശ്രമിച്ചുനോക്കി. ഇല്ല - രക്ഷയില്ല - രാജകുമാരൻെറ പിടിയിൽനിന്നു് രക്ഷപ്രാപിക്കാൻ ഒരു മാർഗ്ഗവുമില്ല - കുതിര ഒതുങ്ങി - വണക്കത്തോടെ നിന്നു. അല്ല - ഇതിൻെറ പുറത്തെന്താണു് - ഒരു ചെമ്പുതകിടു്. നേരം വെളുത്തു - രാജാവു് വിവരം അറിഞ്ഞപ്പോൾ വളരെ സന്തോഷിച്ചു - കുമാരനെ കെട്ടിപ്പിടിച്ചു് ഒരായിരം ഉമ്മകൊടുത്തു.

അന്നും രാജകുമാരൻ കാവലിന് മാടത്തിൽ പോയി - പതിവുപോലെ രാത്രി വന്നു. അർദ്ധരാത്രിയായി - കുമാരൻ കാത്തിരുന്നു. ശബ്ദംകേട്ടു. ശബ്ദംകേട്ട സ്ഥലത്തേയ്ക്കു് കുമാരൻ ധൈര്യത്തോടെ പോയി - അല്ലാ! ഇന്നും ഉണ്ടല്ലോ ഒരു കുതിര - അതു നിന്നു് നെല്ലു തിന്നുകയുമാണല്ലോ. കുമാരൻ അതിനെയും പിടിച്ചുകെട്ടി-നേരംവെളുത്തപ്പോൾ ആ കുതിരയുടെ പുറത്തു് ഒരു വെള്ളിത്തകിടു കണ്ടു.

അടുത്ത ദിവസവും കുമാരൻ ഇതുപോലെ കാവലിരുന്നു. ഒരു കുതിരയെക്കൂടി പിടിച്ചുകെട്ടി - അതിൻെറ പുറത്തു് ഒരു സ്വർണ്ണത്തകിടായിരുന്നു ഉണ്ടായിരുന്നതു്. പി

ന്നീട്ട് രാജാവിന്റെ പണ്ടത്തുന്നിന്ന് ഒരു മോഷണവും നട ന്നിട്ടില്ല.

രാജകുമാരൻ പിടിച്ചുകെട്ടിയ മൂന്നു കുതിരകളെയും കൊട്ടാരത്തിലെ കുതിരലായത്തിൽ കൊണ്ടുചെന്നു കെട്ടി. ഈ കുതിരകൾക്ക് ഒരു വിശേഷം ഉണ്ട്. കുതിരകളെ മററാർക്കും കാണ്മാൻ കഴിയുകയില്ല. പിടിച്ചുകെട്ടിയ കുമാരനു മാത്രമെ കാണ്മാൻ സാധിക്കൂ. ഇങ്ങിനെയിരിക്കുമ്പോൾ അ യൽരാജ്യത്തു് ഒരു വിശേഷം ഉണ്ടായി. ലോകത്തിലേയ്ക്കു് ഏററവും വലിയ സുന്ദരിയായ ഒരു രാജകുമാരി അവിടത്തെ രാജാവിനുണ്ട്. അവൾക്ക് വിവാഹത്തിനുള്ള പ്രായമായി. അവൾക്കുപററിയ ഒരു വരനെ കണ്ടുപിടിക്കാൻ ആ രാജാ വ്' ശ്രമം തുടങ്ങിയിരിക്കയാണ്. അതുവരെ കണ്ടുകിട്ടിയില്ല. ഇപ്പോൾ അതിനുവേണ്ടി ഒരു പന്തയം ഏർപ്പാടുചെയ്തു. അതെന്താണെന്നല്ലെ?

മാണിക്യംകൊണ്ടുള്ള ഒരു കുന്നുണ്ട് – ആ കുന്നിന്റെ മുകളിൽ വൈരംകൊണ്ടുണ്ടാക്കിയ ഒരു കൊച്ചു കൊട്ടാരമു ണ്ടു് – ആ കൊട്ടാരത്തിന്റെ പൂമുഖത്തിലാണ് രാജകുമാരി ഇരിക്കുന്നതു്. കുമാരിയുടെ കൈയിൽ ഒരു അരണമാണിക്യം ഇരിപ്പുണ്ട് - അരണമാണിക്യം അവിടെ കുതിരപ്പുറത്തു് ചെല്ലുന്ന ആളിന് കുമാരി കൊടുക്കും – ഇതാണ് പന്തയം. ലോകത്തിലെ എല്ലാ രാജകുമാരന്മാരും രാജകുമാരിയുടെ സൗന്ദര്യത്തെക്കുറിച്ചു് കേട്ടിട്ടുണ്ട്. അവളെ വിവാഹം ചെ യ്യുന്നതു് വലിയ ഭാഗ്യമാണ് - അതുകൊണ്ട് എല്ലാവരും ഈ പന്തയത്തിൽ ചേർന്നു. പക്ഷെ ആർക്കും ഇതേവരെ രാജകുമാരിയുടെ കൈയിൽനിന്ന് അരണമാണിക്യം വാങ്ങി

ക്കാൻ സാധിച്ചില്ല. നമ്മുടെ രാജാവിന്റെ മക്കളും പന്ത യത്തിന്ന പോകാൻ തയ്യാറായി. എന്നാൽ മൂന്നാമത്തെ കുമാരനെ മററുള്ളവർ കൊണ്ടുപോയില്ല. അതുകൊണ്ട് ആ കുമാരൻ വളരെ സങ്കടപ്പെട്ടിരുന്നു. ജ്യേഷ്ഠന്മാർ പോ യതിന്നശേഷം മൂന്നാമത്തെ രാജകുമാരൻ അതിന്ന പോകാ ൻ തീരുമാനിച്ചു. ലായത്തിൽ ചെന്നുനോക്കി. മൂന്ന് കുതിര കൾ അങ്ങിനെ നിൽക്കുന്നു. കുമാരൻ ചെമ്പുതകിട്ടുള്ള കു തിരയുടെ പുറത്തു കയറിയിരുന്നു. ഒരു നിമിഷംകൊണ്ട് അതു് കുമാരനെ മാണിക്യക്കുന്നിന്റെ അട്ടത്തെത്തിച്ചു. അ വിടെനിന്നോ? ഇല്ല—അതു പെട്ടെന്ന് കുന്നിലേയ്ക്ക് ഓടിക്ക യറി. പക്ഷെ കുന്നിന്റെ മൂന്നിലൊരുഭാഗം കയറിയപ്പോൾ ക്ഷീണിച്ചുപോയതിനാൽ അതിനെ മടക്കി ഓടിക്കേണ്ടിവ ന്നു. വെള്ളിത്തകിട്ടുള്ള കുതിരയുടെ പുറത്തു കയറിയാണ് കുമാരന്റെ പിന്നത്തെ പുറപ്പാട്. അതും മാണിക്യക്കുന്നി ന്റെ അട്ടത്തെത്തി. മുകളിലേയ്ക്ക് ഓടിച്ചപ്പോൾ കുന്നി ന്റെ മൂന്നിൽ രണ്ടുഭാഗം അതു കയറി. അപ്പോഴത്തേയ്ക്ക് അതും ക്ഷീണിച്ചു. അങ്ങിനെ ആ കുതിരയേയും തിരിച്ച് ഓടിച്ച് ലായത്തിൽ കൊണ്ടുചെന്നു കെട്ടി. കുമാരന്ന് വാ ശികൂടി. അട്ടത്തതായി കുമാരൻ സ്വർണ്ണത്തകിട്ടുള്ള കുതി രയുടെ പുറത്തു കയറിത്തിരിച്ചു. വായുവേഗത്തിൽ അതു് സഞ്ചാരം തുടങ്ങി. മാണിക്യക്കുന്നിന്റെ അടിവാരത്തെത്തി. അവിടെനിന്ന് ഒരു കുതിപ്പിന്ന് അതു് കുമാരനെയുംകൊണ്ട് മാണിക്യകുന്നിന്റെ മുകളിലുമെത്തി. രാജകുമാരി പുഞ്ചിരി

യോടുകൂടി രാജകുമാരനെ സ്വീകരിച്ചു. അരണമാണിക്യം ഒരു സ്വർണ്ണനൂലിൽ കോർത്തു് കുമാരൻെറ കഴുത്തിൽ അണിയിച്ചു.

വിവരം അറിഞ്ഞപ്പോൾ രണ്ടു രാജാക്കന്മാരും വളരെ വളരെ സന്തോഷിച്ചു. അവരുടെ വിവാഹം കെങ്കേമമായി നടത്തി. രണ്ടു രാജ്യവുംകൂടി ഒന്നിച്ചുചേർത്തു് ആ രാജകുമാരനു കൊടുത്തു. അങ്ങിനെ രാജകുമാരൻ ചക്രവർത്തിയായി. അയാൾ സുന്ദരിയായ രാജകുമാരിയോടുകൂടി വളരെ നാൾ രാജ്യം ഭരിച്ചു് സുഖമായി ജീവിച്ചു.